Registered No. M-4485

Madras War Review, Malayalam—27-7-1945

UNIVERSITY LIBRARY
10 FEB 1946
MADRAS

# യുദ്ധസഞ്ചിക

വോള്യം IV] മഭിരാശി: 1945 ജൂലായി 27-ാംനു, വെള്ളിയാഴ്ച [ലക്കം 45



## മനുഷ്യസമുദായം!

### അതു് സ്വാതന്ത്ര്യപരമായ ദേശീയതത്വത്തേക്കാൾ മഹത്തരമാണ്

**ഇരുപതാം** നൂററാണ്ടിലെ സയൻസും സാങ്കേതികശാസ്ത്രവും നമുക്കു ചില നവീനമാർഗ്ഗങ്ങൾ തെളിയിച്ചുതന്നിട്ടുണ്ടു്. യുദ്ധത്തിനു മുമ്പു് ശ്രമിച്ചപോലെ, ദേശീയമായ സ്വാതന്ത്ര്യത്തെ മുൻനിർത്തി ഇപ്പോഴും നാം സാർവ്വലൌകികമായ സമാധാനവും പുനർനിർമ്മാണവും സാധിക്കുന്നതിന്നു് ഒരു സംഘടന സൃഷ്ടിക്കാൻ ശ്രമിച്ചാൽ, അതു നിഷ്പ്രയോജനകരമായിരിക്കാനേ തരമുള്ളു.

**സമാധാനത്തിനുവേണ്ടി** എത്ര അഭിലഷിച്ചാലുംശരി, ഊർജ്ജസ്വലവും വിവേകപൂർവ്വകവുമായ പ്രവർത്തനത്തിന്റെ അഭാവത്തിൽ, അതു് വെറും ഒരഭിലാഷം മാത്രമായിത്തന്നെയിരിക്കും.

**ഒരു** പുതിയ ആവിഷ്കരണം—ആഗോളമായ വിശാലവീക്ഷണഗതി—ഇന്നു് ആവശ്യമാണെന്നു ചരിത്രം പഠിപ്പിക്കുന്നു.

**പുരോഗമനത്തിലേക്കുള്ള** സരണി സുവ്യക്തമാണു്. പ്രാഥമികമായ പരിഗണന നൽകപ്പെടേണ്ടതു് മനുഷ്യസമുദായത്തിന്നാണു", ദേശീയമായ സ്വാതന്ത്ര്യപരതയ്ക്കല്ലതന്നെ.

—മി. ഫ്രാൻസിസ് ബി. സെയ്റേ, ഇന്ത്യയിലേക്കു വന്ന യു.എൻ.ആർ.ആർ.എ. സംഘമേധാവി, 1945 ജൂലായി 22-ാംനു ന്യൂഡൽഹിയിൽനിന്നുചെയ്ത ഒരു പ്രക്ഷേപണിപ്രസംഗത്തിൽ

# കീഴടങ്ങുക, അല്ലാത്തപക്ഷം.....!

ജാപ്പു നേതാക്കൾക്കു് ഇന്നു രണ്ടു ഗത്യന്തരങ്ങളെ ഉള്ളൂ. ഒന്നു, ജാപ്പാനെ തികച്ചും നശിപ്പിക്കൽ, അതോടൊപ്പം വെച്ചുകെട്ടിയ ഒരു സമാധാനം അംഗീകരിക്കലും; മററേതു, അററ്ലാൻറിക്ക് പ്രമാണരേഖയിൽ പ്രഖ്യാപിച്ചിട്ടുള്ള ഗുണങ്ങൾ ലഭിക്കുന്ന നിരുപാധികമായ കീഴടങ്ങലും. വേണ്ടപ്രകാരത്തിൽ പ്രവർത്തിക്കാഞ്ഞാലുള്ള ഭവിഷ്യൽഫലങ്ങളും വൈഷമ്യങ്ങളും മനസ്സിലാക്കാതിരിക്കാൻ അത്രമേൽ ഹ്രസ്വദൃഷ്ടികളാണോ ജാപ്പുനേതാക്കന്മാർ? ശുഭസ്യശീഘ്രം എന്നാണിന്നത്തെ നില. അല്ലാത്തപക്ഷം ജപ്പാനിൽവെച്ചുതന്നെ യുദ്ധഗതിയെ ഞങ്ങളുടെ മേൽക്കിടയിലുള്ള ആയുധങ്ങൾ നിർണ്ണയിക്കുന്നതാണ്.

—ക്യാപ്ററൻ ഇ. സി. സക്കാറിയാസ്, 1945 ജൂലായി 22-ാംനു- വാഷിങ്ടനിൽനിന്നുചെയ്ത ഒരു പ്രക്ഷേപിണിപ്രസംഗത്തിൽ.

# ജാപ്പു യുദ്ധയന്ത്രത്തിൻെറ പരിപൂർണ്ണ നശീകരണം

സർവ്വപ്രകാരത്തിലും ശത്രുവിനെ പ്രഹരിച്ചുവരുന്നു. അതിനാൽ എണ്ണ, കല്ക്കരി, ഇരുമ്പു മുതലായ സാമഗ്രികൾ പണ്ടു ലഭിച്ചിരുന്നമാതിരി അന്യരാജ്യങ്ങളിൽനിന്നു ഇനി ലഭിക്കുകയില്ല. ഫാക്ടറികൾക്കു് ആവശ്യമുള്ള അസംസ്കൃതപദാർത്ഥങ്ങൾ കിട്ടാൻ സാദ്ധ്യമല്ലാതാക്കുന്നതോടൊപ്പം, ഫാക്ടറികളെ മുഴുവനും നശിപ്പിക്കുന്നതിന്നും ഞങ്ങൾ ഉദ്ദേശിക്കുന്നു.

—അഡ്മിറൽ നിമിററ്സ് (പാസഫിക്ക് രംഗത്തിലെ നാവിക സൈന്യാധിപൻ), ജൂലായി 16-ാംനു-.

---

# നൈസാമി

## നിക്കോളെ ടിക്കനോവ്

[സോവിയററു ഗ്രന്ഥകാര സംഘത്തിൻെറ ചെയർമാനാണു് നിക്കോളെ ടിക്കനോവ്—യു. സ.പ.]

അസർബേബജാനിലെ ആ മഹാകവിയെ അവർ നൈസാമി എന്നാണു് വിളിച്ചിരുന്നതു്. അദ്ദേഹത്തിൻെറ മുഴുവൻ പേർ നീണ്ടതും ഉച്ചരിക്കാൻ കുറെ വിഷമമുള്ളതുമാണു്. ഷെയ്ക്ക് നൈസാമി ഉദ് ദിൻ അബു മുഹമ്മത് ഇലാസ് ഇബ്ൻ യൂസഫ് ഗാംജേവി! എന്നാൽ ഇത്രമേൽ ആർഭാടം നിറഞ്ഞതും അലങ്കാരസഹിതവുമായ പേരൊന്നും സ്വീകരിക്കാതെ അദ്ദേഹം വെറും നൈസാമിയായിത്തന്നെ ജീവിച്ചു. കത്തിജ്വലിക്കുന്ന മരുഭൂനഗരമായ കുമിയിൽ 800 വർഷങ്ങൾക്കു മുമ്പു നൈസാമി ഭൂജാതനായി.

അക്കാലത്തെ രക്തപിപാസുക്കളായ രാജാക്കന്മാർ ആഡംബരഭ്രാന്തരും സുഖഭോഗേച്ഛുക്കളുമായിരുന്നുവെങ്കിലും, രാജധാനിയുടെ ആവശ്യശക്തികൾക്കൊന്നും നൈസാമിയെ പ്രലോഭിപ്പിക്കാൻ കഴിഞ്ഞില്ല. രാജകീയമായ സാഹചര്യങ്ങളെയൊക്കെ പരിത്യജിച്ചു് അദ്ദേഹം ഒരു ചെറു പരവതാനിയിൽ, എഴുത്തു സാമഗ്രികളുടേയും ഗ്രന്ഥങ്ങൾക്കുമിടയിൽ ഇരുന്നെഴുതിപോന്നു. സുൽത്താൻെറ അരമനയിലെ പരവതാനികളെല്ലാം തന്നെ പഴകി ജീർണ്ണിച്ചുകഴിഞ്ഞു. അരമനകൾ തന്നെ അടർന്നുവീണു നശിച്ചു. എന്നാൽ നൈസാമിയുടെ കവനങ്ങൾ ഇന്നും അനശ്വരനിധിയായിത്തന്നെയിരിക്കുന്നു. അദ്ദേഹം സുൽത്താൻമാരേയും പ്രഭുക്കന്മാരേയും മാത്രമല്ല, കാലത്തെക്കൂടി വെന്നു.

ഉപരോധിക്കപ്പെട്ട ലെനിൻഗ്രാഡിൽവെച്ചു് ഇദ്ദേഹത്തിൻെറ ജന്മദിനാഘോഷം ഞങ്ങൾ കൊണ്ടാടുകയുണ്ടായി. ഹർമിററ്ജ് മ്യൂസിയത്തിൽവെച്ചു പ്രസംഗങ്ങളും ആശംസകളും തൽസംബന്ധമായി ചെയ്യുകയുണ്ടായി. ഇതെല്ലാം കഴിഞ്ഞപ്പോൾ വാസിലീവ് ദ്വീപിലെ ഒരു മുറിയിലേയ്ക്കു് ഞാൻ പോയി. നൈസാമി ഉപയോഗിച്ചിരുന്ന മുറിയെപ്പോലെയുള്ള ഒന്നായിരുന്നു അതും. അവിടെയുണ്ടായിരുന്ന ഉപകരണങ്ങൾ ഒരു കൊച്ചു കരിമ്പടത്തുണ്ടും ഒട്ടകത്തിൻെറ ആകൃതിയിലുള്ള ഒരു വെണ്ണീർത്തട്ടുംമാത്രമായിരുന്നു. അളമാറയിലുണ്ടായിരുന്ന പുസ്തകങ്ങളിൽ മുഴുവനും മൺപൊടിനിറഞ്ഞിരുന്നു. ആ മുറിയുടെ ഉടമസ്ഥൻ ഒരു സൈനിക ഉടുപ്പായിരുന്നു ധരിച്ചിരുന്നതു്. അദ്ദേഹത്തിൻെറ തലയിൽ ഒരു കെട്ടുമുണ്ടായിരുന്നു—മുറിപററിയതുമൂലം കെട്ടിയ ബാൻേറജ്—പഴയ ഒരു മാസികയുടെ ഏടുകളെടുത്തു കത്തിച്ചു വെള്ളം തിളപ്പിക്കുകയായിരുന്നു ആയാൾ.

ആയാൾ ഒരു ലഫ്ററനൻറാണു്; ലെനിൻഗ്രാഡിന്നു സമീപം എവിടേയൊ മുറിവേല്ക്കമൂലം രണ്ടാഴ്ച ഒഴിവിൽ വന്നിരിക്കയാണു്. റഷ്യൻ പദ്യസാഹിത്യത്തെപ്പോലെത്തന്നെ ഇറാനിയൻ പദ്യസാഹിത്യത്തേയും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. മാത്രമല്ല പൌരസ്ത്യദേശത്തെപ്പററി അദ്ദേഹത്തിന്നുണ്ടായിരുന്ന വിജ്ഞാനം സീമാതീതമാണു്. അദ്ദേഹത്തിൻെറ ഇഷ്ടകവികളുടെ പദ്യങ്ങൾ എത്രനേരമെങ്കിലും നീട്ടി ആലാപിക്കാൻ ആയാൾക്കു കഴിയും.

ഞങ്ങൾ കവിതയെപ്പററിയും, നൈസാമിയെപ്പററിയും പടക്കളത്തിൽ പൊരുതുന്നതിന്നുവേണ്ടി തങ്ങളുടെ പഠനവും ഗവേഷണവും നിർത്തിവെച്ചു് യുവസാഹിത്യകാരന്മാരെപ്പററിയും സംസാരിച്ചു. ഇന്നു നടന്നുവരുന്നതും ഇതേവരെ എഴുതപ്പെടാത്തതുമായ ആ ഇതിഹാസത്തെപ്പററിയും പലതും പറഞ്ഞു.

പാത്രത്തെ നക്കികൊണ്ടിരിക്കുന്ന ആ തീജ്വാലകളെ ലഫ്ററനൻറ് നോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ സ്വരം ഒരു ജലദോഷം പിടിപ്പെട്ട ആളുടേതായിരുന്നു.

"നൈസാമി രക്തവും ഭയങ്കരതയും നിറഞ്ഞ ഒരു കാലഘട്ടത്തിലാണു് ജീവിച്ചു വന്നതു്" ആയാൾ കുറച്ചിട നിർത്തി. എന്നിട്ടു് ഒരു നറും പുഞ്ചിരിയോടെ തുടർന്നു. "നമ്മെപ്പോലെ തന്നെ ജനങ്ങളുടെ ശക്തിയെപ്പററിയും അവകാശത്തെപ്പററിയും അദ്ദേഹത്തിന്നു തീരെ സംശയമുണ്ടായിരുന്നില്ല."

"നമ്മേപ്പോലെതന്നെ" ഞാൻ ഇടയിൽ കടന്നു പറഞ്ഞു.

"അദ്ദേഹത്തിന്നു അറിയാമായിരുന്നു" കൊറോലിയോവ്—ആ ലഫ്ററനൻറിൻെറ പേർ നിക്കോളേ ഫെസറോവിച്ച് കൊറോലിയോവ് എന്നായിരുന്നു—തുടർന്നു. "ഈ ലോകത്തെ പ്രക്ഷുബ്ധമാക്കുവാൻ കഴിവുള്ളതു് ദുഷ്പ്രഭുവിനല്ല, ദയാശീലനായ മനുഷ്യനാണെന്നതു് നൈസാമിയ്ക്കറിയാമായിരുന്നു നിങ്ങൾ സസ്സനിദ് രാജാവായ അനുഷിർവ്വാനെ കേട്ടിട്ടുണ്ടോ?"

ഇല്ലെന്നു എനിക്കു് സമ്മതിക്കേണ്ടിവന്നു.

"നൈസാമി തൻെറ 'രഹസ്യങ്ങളുടെ ഭണ്ഡാരപ്പുര' (Treasure-house of Secrets) എന്ന ഗ്രന്ഥത്തിൽ ആയാളെപ്പററി പ്രസ്താവിക്കുന്നുണ്ടു്." കോറോലിയോവ് തുടർന്നുപറഞ്ഞു: "ഒരു ദിവസം അനുഷിർവാൻ നായാട്ടുഭ്രാന്തു മുഴുത്തു കാട്ടിലേക്കു പോയി. അദ്ദേഹത്തിൻെറ മന്ത്രിമാരിൽ ഒരാൾ മാത്രം രാജാവിനെ അനുഗമിച്ചു. രാജാവും മന്ത്രിയും ഒരു ജീർണ്ണിച്ചു നശിച്ച ഗ്രാമത്തിലെത്തിച്ചേർന്നു. ആ സ്ഥലം നിശ്ശബ്ദവും, വിജനവുമായിരുന്നു. ഇടിഞ്ഞുപൊളിഞ്ഞ ഒരു വീടിൻെറ ചുമരിന്മേൽ ഇരുന്നു രണ്ടു മൂങ്ങകൾ മാത്രം ശബ്ദിച്ചുകൊണ്ടിരുന്നു. മൂങ്ങകളുടെ ഉച്ചത്തിലുള്ള ചിലയ്ക്കൽ കേട്ടു രാജാവ് മന്ത്രിയോടു ചോദിച്ചു. 'അവയെന്താണു് പറയുന്നതു്?'

മന്ത്രിയ്ക്കു പക്ഷിഭാഷയറിയാമായിരുന്നു. അദ്ദേഹം രാജാവിനോടിങ്ങനെ പറഞ്ഞു: 'ആ ക്രമൻ മറെറ ക്രമനോടു മകളുടെ വിവാഹകാര്യത്തെപ്പററി പറയുകയാണു്. സ്ത്രീധനമായി ഈ ഗ്രാമവും, രണ്ടയൽ ഗ്രാമങ്ങളും നൽകണമെന്നു് ആവശ്യപ്പെടുന്നു. അനുഷിർവാൻ രാജാവ് നാടു ഭരിക്കുന്നേടത്തോളം കാലം നാട്ടിൽ അടിമത്തവും ദാരിദ്ര്യവും മാത്രമേ ഉണ്ടാവുകയുള്ളൂവെന്നും അതിനാൽ രണ്ടു ഗ്രാമങ്ങൾ മാത്രമല്ല, എത്ര ഗ്രാമങ്ങൾ നൽകണമെങ്കിലും തനിയ്ക്കു സാദ്ധ്യമാണെന്നു ക്രമൻ മറുപടി പറയുന്നു.' പക്ഷെ നൈസാമിയ്ക്കു് ഇങ്ങിനെ അധികം എഴുതുവാൻ സാധിച്ചില്ല. വ്യസനപൂർവ്വം അദ്ദേഹം അവസാനിപ്പിക്കുന്നു. 'മൌനം നൈസാമി! കഥ അവസാനിപ്പിച്ചേയ്ക്കൂ! എത്ര ഹൃദയങ്ങൾ ദീർഘകാലമായി രക്തത്തിൽ മുങ്ങിയിരിക്കുന്നു്.'"

കൊറോലിയോവ് സംഭാഷണം നിർത്തി ജനവാതിലൂടെ നോക്കികൊണ്ടുനിന്നു.

"ഈ ആധുനിക അനുഷിർവ്വാൻ മുമ്പേത്തേവനേക്കാൾ ഭയങ്കരനാണു്" അദ്ദേഹം പറഞ്ഞു; "റഷ്യ മുഴുവനും, ലോകം മുഴുവനും നശിക്കുന്നതു കാൺമാൻ അയാൾ അഭിലഷിക്കുന്നു. തൻെറ കാലത്തെ രാക്ഷസന്മാരെപ്പററി നൈസാമി ചിത്രീകരിച്ചപോലെ ഈ രാക്ഷസനെ ചിത്രീകരിക്കാൻ നമ്മുടെ കലയ്ക്കു് എന്തുകൊണ്ടാണു് കെല്പില്ലാത്തതു്? ആധുനികേതിഹാസത്തെപ്പററി നിങ്ങൾ പറഞ്ഞു. പക്ഷെ അതു് ഇനിയും എഴുതപ്പെട്ടിട്ടില്ല. ഇതു് അത്രമേൽ ശോചനീയമായിരിക്കുന്നു."

"അതു രചിയ്ക്കപ്പെടും" ഞാൻ മറുപടി പറഞ്ഞു. "കാലക്രമേണ ഹിററ്ലറും ആയാളുടെ തസ്കരസംഘവും കലാകാരന്മാരാലും മഹാകവികളാലും അധിക്ഷേപിയ്ക്കപ്പെടും. ഈ പുതിയ അനുഷിർവ്വാനെ, കൊടുംകൊലയാളിയെ, ആചന്ദ്രതാരം ആളുകൾ അറിയും. സസ്സനിഡിലെ കൊച്ചുരാജാവിനെ നാം ഇന്നും അറിയപ്പെടുന്ന മാതിരി, ഈ പുതിയ രാക്ഷസൻെറ പേർ ആരും മറക്കുകയില്ല."

"നൈസാമിയുടെ ചില പേർഷ്യൻ കവിതകൾ ആ ഭാഷയിൽത്തന്നെ ഞാൻ ചൊല്ലാം."

"ചൊല്ലിക്കോളൂ. പക്ഷെ അത്രയ്ക്കു മനസ്സിലാവില്ലെന്നു മാത്രം."

"ഞാൻ തർജ്ജമചെയ്യാം."

ഗംഭീര്യം നിറഞ്ഞ ഉച്ചസ്വരത്തിൽ അദ്ദേഹം ചൊല്ലിത്തുടങ്ങി. അതു കേൾക്കുമ്പോൾ അർത്ഥം സ്വാരസ്യവും സംതൃപ്തിയും തോന്നും. ചുമരിൽ

(ശേഷം 6-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ജൂലായി 27-ാംനു, വെള്ളിയാഴ്ച

## ജപ്പാന്റെ നേക്ക്

ബർമ്മയിലെ സൈനികകൃത്യങ്ങൾ കാലവർഷം മൂലം ലേശം സ്തംഭനാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. യൂറോപ്യൻ രംഗത്തിൽ മഞ്ഞുകാലത്തുകൂടെ ഇത്രയധികം വിഷമങ്ങൾ യുദ്ധത്തിന്നു നേരിട്ടിട്ടില്ല. ബർമ്മയിൽ കാലാവസ്ഥ മാത്രമല്ല പ്രതിബന്ധമായി നില്ക്കുന്നതു്. പത്തു അടി വെള്ളത്തിലാഴ്ത്തപ്പെട്ടും, പർവ്വതനിരകളോടുകൂടിയതുമായ ഒരു പ്രദേശം ഏററവും ആധുനികരീതിയിലുള്ള യുദ്ധതന്ത്രങ്ങളെക്കൂടി മന്ദീഭവിപ്പിക്കാൻ പ്രാപ്തമായതാണു്.

എങ്കിലും, ശരിയ്ക്കു പറഞ്ഞാൽ ബർമ്മയുദ്ധം നിർത്തിവെച്ചിരിക്കയാണു് എന്നു അഭിപ്രായപ്പെട്ടുകൂടാ. റംഗൂൺ-മാണ്ഡലി പ്രദേശത്തു തെണ്ടിത്തിരിയുന്ന തങ്ങളുടെ കൂട്ടുകാരെ രക്ഷിക്കുന്നതിന്നുവേണ്ടി 50,000 ശത്രുഭടന്മാർ ശ്രമിച്ചുവരുന്നു. മറെറാരു സംഘം നിറഞ്ഞു നില്ക്കുന്ന സിററാങ്ങ് നദി കടക്കുന്നതിന്നു തിടുക്കപ്പെടുന്നു. കാലാവസ്ഥ അനുകൂലമായാൽത്തന്നെ, അവർക്കു ആ കാര്യം സാധിതപ്രായമാകുമെന്നു തോന്നുന്നില്ല. അവിടേയുമുണ്ടു് ആർ. എ. എഫ്.

കാലാവസ്ഥ മൂലം മന്ദീഭാവം വന്ന ഈ അവസരത്തെ സഖ്യശക്തികൾ തികച്ചും ഫലപ്രദമാംവിധം പ്രയോജനപ്പെടുത്തിവരുന്നുണ്ടു്. ഇനിയത്തെ സമരത്തിന്നു വേണ്ട സംഭാരങ്ങളും സന്നാഹങ്ങളും ധൃതഗതിയിൽ എപ്പെടുത്തിവരികയാണു് അവർ. ബർമ്മ യുദ്ധത്തെപ്പററിയുള്ള ചില കണക്കുകൾ ഈയിടെ വെളിപ്പെടുത്തിയിട്ടുണ്ടു്. അതിൽ ഇന്ത്യൻ ഭടന്മാർക്കു പററിയ പരുക്കുകളെയും എടുത്തു കാണിച്ചിട്ടുണ്ടു്. 40,459 പേരിൽ 24,178 പേർക്കു മുറിവുപററിയിരിക്കുന്നു. എന്നാൽ ശത്രുവിന്നോ? 350,000 പേരും! നമ്മുടെ ഭടന്മാരുടെ സമരനൈപുണ്യത്തെ തികച്ചും വ്യക്തമാക്കുവാൻ ഈ തുകകൾ തമ്മിലുള്ള വ്യത്യാസം ഒന്നു നോക്കിയാൽ മാത്രം മതി.

ഇന്ത്യ ഒരു സപ്ലൈ താവളമെന്ന നിലയിൽ വളരെ മുൻഗണന നല്കപ്പെടേണ്ട ഒരു രാജ്യമാണു്. 1942 ൽ ഉപയോഗിച്ച ആദ്യത്തെ തുറമുഖം കറാച്ചിയാണു്. കറാച്ചിയുടെ കഴിവുകൾക്കു താങ്ങുവാൻ വയ്യാത്ത നില എത്തിയപ്പോൾ ബോംബെ കൂടി ഈ ആവശ്യങ്ങൾക്കു വിനിയോഗിക്കേണ്ടിവന്നു. 118,983 അമേരിക്കൻ ഭടന്മാർ അവിടെ ഇറങ്ങുകയുണ്ടായി. ഇതു ഒരു പ്രാരംഭം മാത്രമായിരുന്നു. അവർ കല്ക്കത്തയിലേക്കു പോയി. സാമാനങ്ങൾ കൂടുതലായി വരുവാൻ തുടങ്ങിയപ്പോൾ കല്ക്കത്ത തുറമുഖവും യുദ്ധസാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിന്നായി ഉപയോഗിക്കാൻ തുടങ്ങി. 1943 മേയി മുതൽ ഡിസെമ്പർ വരെ 332,557 ടൺ സാമാനങ്ങൾ അവിടെ ഇറക്കുമതി ചെയ്യപ്പെട്ടു. മദിരാസും പിന്നീടു് ഇതിലുൾപ്പെടുത്തേണ്ടിവന്നു. ഈ നേട്ടങ്ങളിൽ ഇന്ത്യയിലെ റെയിൽവെ തൊഴിലാളിയ്ക്കു് അഭിമാനിക്കാവുന്നതാണു്.

ഈ സംഗതികൾ ചരിത്രം സൃഷ്ടിക്കുന്നവയത്രേ. 14-ാം പടയ്ക്കു ഈ സാമഗ്രികൾ വിമാനങ്ങൾ മൂലം എത്തിച്ചുകൊടുത്തു. റംഗൂൺ തിരിച്ചു പിടിക്കുന്നതുവരെയും ഇതേ രീതി തുടരേണ്ടിവന്നു. ഹിമാലയത്തിന്റെ 'പൂഞ്ഞ'യ്ക്കു മേലെക്കൂടിയും, അതിന്നുശേഷം ലെഡോ റോഡിലൂടെയും ചുങ്കിംങ്ങിലേക്കു ഈ സാമാനങ്ങൾ എത്തിച്ചു. ഇതൊക്കെയും ഇന്ത്യയിലൂടെയാണു് കൊണ്ടുപോയതു്. ഇന്ത്യ ഇന്നും ഒരു വമ്പിച്ച താവളമാണു്.

ലൂയി മൌണ്ട്ബാററൻപ്രഭു മണില സന്ദർശിച്ചു ജനറൽ മക്ആർതറുമായി കൂടിയാലോചനകൾ നടത്തിയതും ഇത്തരുണത്തിൽ പ്രസ്താവ്യമത്രേ. സൌത്ത് ഈസ്റ്റ് ഏഷ്യയും, സതേൺ പാസഫിക്ക് രംഗവും തമ്മിലുള്ള യോജിച്ച പ്രവർത്തനമുണ്ടാവാനുള്ള പ്രാഥമിക രംഗമാണിതു്.

വർഷക്കാലം അവസാനിച്ച ഉടൻ തെക്കുകിഴക്കൻ രംഗത്തിൽ വീണ്ടും വമ്പിച്ച സംഭവങ്ങൾ ഉണ്ടാവാനിരിക്കുന്നു. 14-ാം പട വീണ്ടും മുന്നോട്ടു പോകാൻ തുടങ്ങുക തന്നെ ചെയ്യും.

## ചിരിയും ചിന്തയും

(കെ.ജി.)

ആയാൾക്കു് ഒരു പ്രസംഗികനാകണമെന്നു കൊതിയുണ്ടായിരുന്നു. ഡിബേററിങ്ങ് ക്ലബ്ബിൽ പല പ്രാവശ്യവും വാദപ്രതിവാദത്തിൽ ഇടപെടാറുണ്ടെങ്കിലും, പരാജിതനാകയാണു് പതിവു്. ഇതിൽനിന്നു രക്ഷപ്പെടുന്നതിന്നു ഒടുവിൽ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. തന്നോടു മൂന്നു ചോദ്യങ്ങൾ ക്ലബ്ബിൽവെച്ചു ചോദിക്കുന്നതിന്നു ആയാൾ ഒരു സ്നേഹിതനെ ശട്ടംകെട്ടി. അവയ്ക്കെല്ലാം തക്കതായ മറുപടി ഉരുവിട്ടു പഠിച്ചു തയ്യാറായി ക്ലബ്ബിൽ വന്നു. സ്നേഹിതൻ ചോദിച്ച രണ്ടു ചോദ്യങ്ങൾക്കും രസകരമാംവിധം മറുപടി പറഞ്ഞു. എല്ലാവരും പൊട്ടിച്ചിരിച്ചു.

സ്നേഹിതൻ തിരിച്ചടിച്ചു: "അപ്പോൾ, മൂന്നാമതു ചോദിക്കണമെന്നു നിങ്ങൾ ആവശ്യപ്പെട്ട ആ ചോദ്യം എന്താണു്?"

* * *

### നിങ്ങൾക്കു എത്ര ബുദ്ധിയുണ്ടു്?

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കുക:—

(1) 3 പൂച്ചകൾക്കു 3 മിനുട്ടിൽ 3 എലികളെ കൊല്ലാൻ സാധിക്കുമെങ്കിൽ 100 എലികളെ കൊല്ലുന്നതിന്നു 100 പൂച്ചകൾക്കു എത്ര സമയം വേണം.

(2) ഒരാൾക്കു് തന്റെ വിധവയുടെ സഹോദരിയെ കല്യാണം കഴിയ്ക്കാമോ?

(3) ഒരു കുരങ്ങു 30 അടി ആഴമുള്ള ഒരു കിണററിൽ ചാടി. ദിനംതോറും അതു മൂന്നടി മേല്പോട്ടു ചാടുകയും രണ്ടടി കീഴ്പ്പോട്ടു പോരികയും ചെയ്യുന്നു. ഈ തോതിൽ കിണററിന്റെ മുകളിലെത്തണമെങ്കിൽ മൊത്തത്തിൽ എത്ര ദിവസം വേണം?

ഉത്തരം: (1) മൂന്നു മിനുട്ടു്. ഒരു പൂച്ചക്കു ഒരു എലിയെ കൊല്ലാൻ മൂന്നു മിനുട്ടു വേണം. (2) മരിച്ചവർക്കല്ലെ വിധവയുണ്ടാകുകയുള്ളു? (3) 28-ാം ദിവസം. 27-ാം ദിവസം അതു് 27 അടി ഉയരത്തിൽ എത്തുന്നു. 28-ാം ദിവസം മുകളിലുമെത്തുന്നു.

* * *

### ജഡ്ജിയും ഭൃത്യനും

(ജഡ്ജി തന്റെ സമനിലയിലുള്ള ഏതാനും സ്നേഹിതന്മാരോടുകൂടി ചില വിഷയത്തെപ്പററി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു.)

ഭൃത്യൻ: ഏമ്മാന്നേ! കഞ്ഞീം സമ്മന്തീം തയാറായി. കൊച്ചമ്മ കഞ്ഞി കുടിക്കാൻ വിളിക്കുന്നു.

ജഡ്ജി (അകത്തുപോയി സ്വകാര്യത്തിൽ): എടാ വിഡ്ഢി! എന്നെപ്പോലുള്ള ആളുകളിരിക്കുമ്പോൾ ഇങ്ങിനെ വിളിച്ചു പറയാമോ. എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ഞാൻ വരുന്നതുവരെ നിന്നു് സാവധാനത്തിൽ എന്നോടു പറയണം.

(പിറെറ ദിവസം ജഡ്ജിയുടെ ഇളയ കുട്ടി കിണററിൽ വീണു. ജഡ്ജിയെ ഓടിപ്പോയി വിളിച്ചുകൊണ്ടുവരാൻ ഭാര്യ ഭൃത്യനെ പറഞ്ഞയച്ചു. ഭൃത്യൻ പോയി ജഡ്ജിയെ കാത്തു വാതുക്കൽ ഇരിപ്പായി.)

ജഡ്ജി ഇറങ്ങിവന്നപ്പോൾ ഭൃത്യൻ: "അപ്പൊഴെ ഏമാന്നെ, ഏമാന്റെ കൊച്ചുകുഞ്ഞുണ്ടല്ലോ, ആ എളയ കുഞ്ഞ്, അതിനെ ആരാണു് ഇന്നു കൊണ്ടുനടന്നതെന്നു അറിയാൻ മേലാ. അതു ആരും അറിയാതെ കെണററിന്റെ അടുക്കൽ പോയി. കൊച്ചമ്മ....."

ജഡ്ജി (ധൃതിയിൽ): എന്നിട്ടു് എന്തുണ്ടായി വേഗം പറയൂ.

ഭൃത്യൻ: ഏമാന്നല്ലെ പറഞ്ഞതു് എല്ലാം സാവധാനത്തിലെ പറയാവൂ എന്നു്. കൊച്ചമ്മ പറഞ്ഞു ഏമാന്നെ വിളിച്ചുകൊണ്ടുവരാൻ. കുഞ്ഞു കിണററിൽ വീണു.

ജഡ്ജി: മഹാ പാപി!

### ഞാൻ ഇംഗ്ലീഷു പഠിച്ച കഥ

ഞങ്ങൾ മൂന്നു പേരുംകൂടി ഇംഗ്ലീഷു പഠിക്കാൻ പോയി. ഒന്നാമത്തെ ദിവസം We are three (ഞങ്ങൾ മൂന്നു പേരാകുന്നു, രണ്ടാമത്തെ ദിവസം O' Yes (ശരി തന്നെ), മൂന്നാമത്തെ ദിവസം All right (എല്ലാം ശരിതന്നെ) എന്നു പഠിച്ചു. ഇതിന്നുശേഷം ഞങ്ങൾ തമ്മിൽത്തമ്മിൽ ഇംഗ്ലീഷിൽ തന്നെ സംസാരിക്കാൻ തുടങ്ങി. മൂന്നാമത്തെ ദിവസം ഇംഗ്ലീഷു പഠിച്ചിട്ടു വരും വഴി, വഴിയിൽ ഒരു മനുഷ്യന്റെ പ്രേതവും ചുററും നാലഞ്ചു പോലീസ്സുകാരും ഒരു ഇൻസ്പെക്ടരും നില്ക്കുന്നതു കണ്ടു. ഞാൻ എന്റെ കൂട്ടുകാരോടു പറഞ്ഞു പോലിസ് ഇൻസ്പെക്ടരോടു ഇംഗ്ലീഷിൽ ഒന്നു സംസാരിക്കാമെന്നു്. ഞങ്ങൾ ഇൻസ്പെക്ടരുടെ അടുക്കൽ അടുത്തപ്പോൾ ആരാണു് ഇതു ചെയ്തതെന്നു അദ്ദേഹം ചോദിക്കുന്നതു കേട്ടു. എങ്കിലും ഇംഗ്ലീഷു പറയാമെന്നു ഞാൻ തീർച്ചയാക്കി.

ഞാൻ: We are three (ഞങ്ങൾ മൂന്നു പേരാകുന്നു.)

(ഇൻസ്പെക്ടർ പകച്ചുനിന്നുപോയി.)

ഇൻസ്പെക്ടർ: ശരിയാണോടോ?

രണ്ടാമൻ: O' Yes (ശരിതന്നെ.)

ഇൻസ്പെക്ടർ: താനിതു സമ്മതിക്കുന്നോ?

മൂന്നാമൻ: All right (എല്ലാം ശരിതന്നെ.)

സംശയിച്ചു വിലങ്ങു വെച്ചിരുന്ന പുള്ളികളെ വിട്ടിട്ടു ഞങ്ങളെ വിലങ്ങുവെച്ചു 'ലാക്കാപ്പി'ൽ കൊണ്ടുപോയി. അപ്പോഴാണു് ഞങ്ങൾ ഇംഗ്ലീഷു പറഞ്ഞതിന്റെ ഗൌരവം മനസ്സിലായതു്. വിചാരണക്കു വന്ന ഇൻസ്പെക്ടർ ഞങ്ങളുടെ വിവരമെല്ലാം അറിഞ്ഞു. ശരിയായ പുള്ളികളെ വിടുവിക്കാൻ ഞങ്ങൾ ഹേതുഭൂതരായതുകൊണ്ടു ചാട്ടവാറുകൊണ്ടു ആറാറടിയും ഒററക്കാലേൽ ഒരു മൈയില്പ ചാട്ടവും ശിക്ഷകിട്ടി. ഇതിൽപ്പിന്നീടു ഞാൻ ഇംഗ്ലീഷ് സംസാരിക്കാറില്ല.

## ആഴ്ചക്കുറിപ്പുകൾ

### പോട്സ്ഡാമിലെ നിശബ്ദ സമ്മേളനം

പോട്സ്ഡാമിലെ രഹസ്യം നിറഞ്ഞ അന്തരീക്ഷത്തിന്റെ ആവശ്യകതയ്ക്ക് മതിയായ കാരണങ്ങളുണ്ട്. ആലോചനാവിഷയങ്ങളായ പ്രശ്നങ്ങളുടെ ഗുരുത്വമായിരിക്കണം ഇതിന്റെ പ്രധാനമായ ഒരു ഹേതു. യോഗത്തിന്റെ ചുററുപാടും തെണ്ടിത്തിരിഞ്ഞു നടക്കുന്ന ചില വിടുവായന്മാരായ ലേഖകന്മാർ ഇതുകൊണ്ടൊന്നും നിശ്ശബ്ദരാകാതെ, അതുമിതും പറയാൻ തുടങ്ങിയിരിക്കുന്നു. റഷ്യ ജപ്പാന്നെതിരായി പൊരുതുവാൻ ഇടയുണ്ടോ എന്നതാണ് അവരെയൊക്കെ വിഷമിപ്പിക്കുന്ന ഒരു സംഗതി. ഒരു നിരീക്ഷകന്റെ കർത്തവ്യം ഇത്തരുണത്തിൽ, ഊഹാപോഹങ്ങൾ കുത്തിപ്പൊന്തിയ്ക്കുകയല്ല. മറിച്ചു, സംഗതികളെല്ലാം വ്യക്തമാവുന്നതുവരെ സഹനപൂർവ്വം കാത്തിരിക്കുകയാണ്.

### യൂറോപ്പിന്റെ വിഷമംപിടിച്ച ദശാസന്ധി

യൂറോപ്യൻകാര്യങ്ങൾ, വിശിഷ്യ ജർമ്മനിയിലെ ഭരണത്തെ സംബന്ധിച്ച കാര്യങ്ങൾ ത്രിമൂർത്തിസമ്മേളനത്തിൽ ശ്രദ്ധാലുക്ഷമായവിധത്തിൽ പര്യാലോചിക്കപ്പെട്ടിരിക്കുന്നുവെന്നു ഞങ്ങൾക്കറിയാം. ത്രിമൂർത്തികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്ന മററൊരു പ്രശ്നം നാസികളാൽ താറുമാറാക്കപ്പെട്ട യൂറോപ്യൻ രാഷ്ട്രങ്ങളെ ഈ ദുരിതങ്ങളിൽനിന്നും വീണ്ടെടുക്കണമെന്ന നിശ്ചയമാണ്. ഈ ആഴ്ചയിൽ യു. എൻ. ആർ. ആർ. എ. യുടെ ഡയറക്ടരായ മി. ലെമൻ അത്തൻസിൽനിന്നു ബൽഗ്രേഡിലേയ്ക്കു വിമാനമാർഗ്ഗമായിപോയി യൂഗോസ്ലാവ്യയിലെ സ്ഥിതിഗതികളെപ്പററി പഠനം നടത്തുകയുണ്ടായി. ഏതു പ്രകാരത്തിലും, യൂഗോസ്ലാവ്യയ്ക്കു സർവ്വവിധ സഹകരണങ്ങളും നൽകിയേ തീരൂ. ദുരദുഃഖങ്ങളുടെ കുമ്പാരമായ മററൊരു രാജ്യം പോളണ്ടാണ്. ഇതുകൂടാതെ പല രാജ്യങ്ങളുടേയും അതിർത്തികളെ സംബന്ധിച്ച തർക്കങ്ങൾ ശരിപ്പെടുത്താനുണ്ട്. സ്പെയിനിൽ ജനറൽ ഫ്രാങ്കോ ഭരണപരമായ ചില ഏച്ചുകൂട്ടലുകളും മുറിവൈദ്യവും കാണിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷേ അതുകൊണ്ടൊന്നും ഒരു 'ജനകീയവാദി'യായി ഞെളിഞ്ഞു ലോകത്തെ വഞ്ചിയ്ക്കാൻ ആയാൾക്ക് സാധ്യമാവില്ല. സ്പെയിനിലെ അഭ്യന്തരകലഹത്തിന്നുത്തരവാദിയും, അന്നാട്ടുകാരുടെ ഇന്നത്തെ ദുരിതങ്ങൾക്കു കാരണക്കാരനും, പ്രജായത്ത ഭരണത്തിന്റെ ഘാതകനും, ഹിററ്ലരുടേയും മുസ്സോളിനിയുടേയും താളത്തിന്നു തുള്ളിയിരുന്ന ഒരു വങ്കനും ആയ ജനറൽ ഫ്രാങ്കോ ഇന്നു ജനകീയതാല്പര്യം കെട്ടുവാനും ഭരണസംബന്ധമായ ചില 'ജനവാതിലലങ്കരണം' തുടരുവാനും തിടുക്കപ്പെടുന്നതു കാണുമ്പോൾ, ചിരിയാണ് ഒരാൾക്കു വരുന്നത്. പുലിയുടെ പുള്ളി ഒരു രാത്രികൊണ്ടു മായ്ക്കാൻ വയ്യെന്ന് എല്ലാവർക്കുമറിയാം.

### കുററവാളികളെ വിചാരണ തുടങ്ങി

ഫ്രാൻസിൽ വിചാരണകൾ ആരംഭിച്ചുതുടങ്ങി. ആദ്യമായിത്തന്നെ ഉണത്തെഴുന്നേററ ഫ്രാൻസിലെ നിയമം കൈവച്ചതു ഫ്രഞ്ചുറിപ്പബ്ലിക്കിനെ ശ്വാസം മുട്ടിച്ച മാർഷൽ പേത്താന്റെ മേലാണ്. ഫ്രഞ്ചു രാഷ്ട്രത്തിന്റെ സുരക്ഷയ്ക്കും സ്വാതന്ത്ര്യത്തിന്നും വേണ്ടിയാണ് ഇതെല്ലാം ചെയ്തതെന്നും താൻ നിരപരാധിയാണെന്നും ആ പടുകിഴവൻ ഇന്നു കെഞ്ചി യാചിക്കുന്നു. പാവപ്പെട്ട ആ വയസ്സന്റെ നില പരിതാപകരമാണ്. പക്ഷേ നിയമത്തിന്നു വാർദ്ധക്യത്തോടു ബഹുമതിയില്ല. അതു നീതിപരിപാലനത്തിന്നു വേണ്ടി നിലകൊള്ളുന്നു. ന്യൂറംബർഗ്ഗിൽവെച്ചു നാസിക്കുററവാളികളെ വിചാരണ ചെയ്യൽ അടുത്തു ആരംഭിയ്ക്കും. ഹിററ്ലരുടെ അടുത്ത കൂട്ടാളികളും, ലോകത്തിലെ ജനതകളുടെ ബദ്ധവിരോധികളുമായ പല നാസി പ്രമുഖന്മാരും അടുത്ത് നീതിയുടെ മുമ്പിൽ കൈകെട്ടിനിന്നു സമാധാനം പറയേണ്ടിവരും.

ബൽജിയത്തിൽ രാജാവു ഒഴിഞ്ഞുപൊയ്ക്കൊള്ളണമെന്നാണ് ജനങ്ങൾ ആവശ്യപ്പെടുന്നതു്. ഫാസിസ്റ്റു കൂളന്മാരുമായി കൂട്ടുകൂടിയെന്നു സംശയിക്കപ്പെടുന്ന ഒരു രാജാവിന്റെ ഭരണം ബൽജിയത്തിന്നു അപമാനം മാത്രമാണെന്നു അവിടുത്തെ ചില രാഷ്ട്രീയ കക്ഷികൾ പ്രഖ്യാപിക്കുന്നു.

### ജാപ്പാന്റെ ഭീരുത്വം !

ജാപ്പു കടലുകളിൽത്തന്നെ നിന്നുകൊണ്ടു അമേരിക്കൻ കടൽസേനയും വിമാനസേനയും ജാപ്പു ദ്വീപുകളെ ലക്ഷ്യമാക്കി വെടിയുണ്ടകളും വീരങ്കികളും വർഷിച്ചപ്പോഴും, നിപ്പൺ ഇതെല്ലാം കണ്ടു നിന്നേ ഉള്ളു. അവർ യാതൊരു എതിർപ്പിന്നും മുന്നോട്ടു വന്നില്ല. തങ്ങൾ തഞ്ചവും തരവും കാത്തിരിക്കുകയാണെന്നും ഈ വക വിദ്യകൾ കൊണ്ടൊന്നും ശുണ്ഠിപിടിച്ചു പുറത്തുചാടുകയില്ലെന്നും ടോക്കിയോ റേഡിയോ പ്രസ്താവിക്കുന്നു. മുട്ടുന്യായങ്ങൾ പറഞ്ഞു എത്ര കാലം നില്ക്കാൻ കഴിയും ?

ജാപ്പുകളുടെ സൈനികശക്തി ചിന്നിച്ചിതറപ്പെട്ടിരിക്കുന്നു. ബർമ്മ, ചൈന, ഫിലിപ്പിൻസ്, ഇവോജിമ, ഒക്കിനാവ, ന്യൂഗിനിയ ഈ ദ്വീപുകളിലും രാജ്യങ്ങളിലും ഉണ്ടായിരുന്ന ശത്രുഭടന്മാരെ മുഴുവൻ നശിപ്പിച്ചു. അവർ ജാപ്പു യുദ്ധയന്ത്രത്തിന്നു ഇങ്ങിനിവരാതവണ്ണം നഷ്ടപ്പെട്ടു. ഇവിടങ്ങളിൽ ചിലയിടത്തു ഇപ്പോഴും ചെറുത്തു നിൽക്കുന്ന ജാപ്പു സേനയിലെ 'പൊട്ടും പൊടിയും' സ്വരാജ്യത്തു നിന്നു യാതൊരു സഹായവും കിട്ടാൻ നിവൃത്തിയില്ലാതെ കുഴങ്ങുന്നു.


ജാപ്പു ദ്വീപുകളുടെ സംരക്ഷയ്ക്കു ഈ സൈന്യവ്യൂഹങ്ങളിൽനിന്നു ഒരൊററ ഭടനെപ്പോലും കിട്ടുകയില്ല. അതിനാൽ ജാപ്പുകൾക്കു ഇപ്പോൾ സ്വദേശത്തു നിലവിലുള്ള സൈന്യങ്ങളെകൊണ്ടു മാത്രം ഒരു വമ്പിച്ച ആക്രമണത്തെ അഭിമുഖീകരിക്കേണ്ടിവരും. നാവിക സേനയും, വിമാനസേനയും വളരെയധികം ക്ഷീണിച്ചതു മൂലം പ്രധാനമായും കരസൈന്യത്തെ മാത്രം ദേശരക്ഷയ്ക്കായി വിനിയോഗിക്കേണ്ടിവരും. അതിന്നുള്ള ഭാവം അവിടെയുണ്ടുതാനും. ദേശാഭിമാനത്തിന്റെ ഉൽകൃഷ്ടപ്രകടനവും മഹനീയ മാതൃകയും ആത്മഹത്യയ്ക്കുള്ള സന്നദ്ധതയാണെന്നു വളരെക്കാലമായി ജാപ്പുകൾ പഠിച്ചുവന്നിട്ടുള്ള ഒരു നികൃഷ്ടതത്വമാണ്. ആ തത്വം പ്രായോഗിക പരിധിയിൽ കൊണ്ടുവരുത്തുന്നതിന്നുള്ള ഒരവസരം ജാപ്പു മേധാവികൾ അവിടുത്തെ ജനങ്ങൾക്കു അടുത്തു തന്നെ നൽകുമെന്നാണ് വിചാരിക്കേണ്ടതു്. പക്ഷേ അതു കൊണ്ടൊന്നും വലിയ കാര്യമില്ല. ആ പാവങ്ങൾ അവരുടെ ജീവൻ വെടിഞ്ഞതുകൊണ്ടു യാതൊരു ഗുണവുമില്ല. പരാജയം അവരുടെ തലക്കുമേൽ ഡിമോക്കിൾസിന്റെ ഖഡ്ഗംപോലെ തൂങ്ങിക്കിടക്കുന്നു.

### അവരെ കാത്തിരിക്കുന്ന വിധി

പാസഫിക് യുദ്ധത്തിന്റെ അവസാനം ദൃശ്യമായിട്ടില്ലെങ്കിലും ഏതു വഴിക്കായിരിക്കും അതിന്റെ ഗതി എന്നതിൽ യാതൊരു സംശയത്തിന്നും ഇടയില്ല. അവസാനംവരേയും സഖ്യസൈനിക തന്ത്രങ്ങളാണ് വിജയപ്രദമാകാൻ പോവുന്നതു്. ഫിലിപ്പൈനിലും, ഒക്കിനാവയിലും അമേരിക്കയ്ക്കു അമൂല്യങ്ങളായ നേട്ടങ്ങൾ കൈവന്നു കഴിഞ്ഞു ; ചൈനയിൽ സേനകളെ പുനഃസംഘടിപ്പിക്കുന്നതിന്നും പൂർവ്വവൽശക്തിപ്പെടുത്തുന്നതിന്നും ഉള്ള സംരംഭങ്ങൾ സമാരംഭിച്ചു കഴിഞ്ഞു ; ചിയാങ്ങും മക്ആർതറും മൊണ്ട്ബാററനും ജപ്പാനെ പ്രഹരിക്കുന്നതിന്നു അടുത്തു തന്നെ തയ്യാറാവും. ആ പ്രഹരങ്ങൾ എത്രമാത്രം കടുത്തതായിരിക്കുമെന്നും അവയേററു ജാപ്പു യുദ്ധതന്ത്രം എങ്ങിനെ ശകലീകൃതമാവുമെന്നും എടുത്തു വിസ്തരിക്കേണ്ടതില്ല. യൂറോപ്പിൽനിന്നു തുരുതുരെ സൈന്യങ്ങളും സാമഗ്രി

(ബാക്കി 5-ാം പേജിൽ)

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




## ശവക്കല്ലറയ്ക്കു മുൻപിൽ

(കെ. ജി. പിള്ള)

(മഞ്ജരി)

നില്ക്കുവിൻ, പാന്ഥരെ ! യഞ്ജലിബദ്ധരാ-
യിക്കല്ലറയുടെ മുമ്പിലല്പം.

വിശ്വത്തിൻ ഭാസുര ഭാവിക്കായ് രാപ്പകൽ
വിശ്വാസമോടെ രണാങ്കണത്തിൽ,

ചോരയും മൃത്യുവും കൂസാതെ പോർ ചെയ്തു-
ധീരനായുള്ളൊരു കർമ്മയോഗി

വിശ്രാന്തിയ്ക്കായിട്ടെഴുന്നെള്ളിയിട്ടുണ്ടീ,-
യശ്രമത്തിന്റെ യഗാധതയിൽ !

ഉച്ചമാം മേടയിലല്ല പിറന്നതു
പുൽച്ചാളയ്ക്കുള്ളിലാണോർത്തു കൊൾവിൻ!

താരാട്ടു പാടിയുറക്കി ചെറുപ്പത്തിൽ
ദാരിദ്ര്യ ദേവത ധാത്രി പോലെ ;

പൈതൃക സമ്പത്തായ്ക്കിട്ടിയതോ വെറും-
പഞ്ഞപ്പാളക്കൂടു മാത്രമത്രേ.

അന്നൊരരവയർ കഞ്ഞിക്കാ മാളിക-
മുന്നിൽ നാം കണ്ടൊരാതെണ്ടിപ്പയ്യൻ

ഇന്നലെ വിഖ്യാത വീര്യം വരിച്ചുപോയ്-
യുന്നതമാം വീരസ്വർഗ്ഗപട്ടം

അംബയിബ് ഭാരത ഭൂവിന്നഭിമാന-
സ്തംഭമായീ ശവക്കല്ലറയും.

പാതാളക്കുണ്ടിലെ പങ്കമതല്ലയോ-
ശ്രീതാവും രത്നത്തിൻ ജന്മദേശം ?
കല്യാണ കൃത്തായ ദേവൻ പിറന്നത-
ക്കാലികൾക്കുള്ള തൊഴുത്തിലല്ലേ ?

* * *

2

മുട്ടു കുത്തീടിൻ, നമസ്കരിച്ചീടുവിൻ
പട്ടാളക്കാരന്റെ കല്ലറയ്ക്കൽ !

'വീരനാം യോദ്ധാവേ, ഭാരത ദേവിതൻ-
താരുണ്യ സമ്പത്തേ, ധീരയോധാ !

ഞങ്ങൾക്കായ് പോർക്കളം പൂകിയ പൂജ്യനേ,
മംഗല ദേവത പുല്കിയോനെ !

കോടാനകോടിയാമാശാസൗധങ്ങളി-
ലാടിക്കഴിഞ്ഞു നീയാർക്കുവേണ്ടി ?

ഭൗതിക ഭോഗങ്ങൾ ചീന്തിയെറിഞ്ഞുപോയ്
പൂതമാമാദർശപ്പൊൽത്തിടമ്പേ !

വീടും പറമ്പുമായ് കാലം കഴിച്ചവ-
രേതു മറിഞ്ഞില്ലീ പ്രാഭവങ്ങൾ :

ആദർശമൂർത്തിയാമങ്ങേപ്പുഴിച്ചു ഹാ !
യൂദന്മാർ 'ക്രൂസ്സുവെ' യെന്ന പോലെ.

ക്രിസ്തുവെപ്പോലങ്ങും ജീവരക്തം ദുഷ്ട-
മർത്ത്യത തൻമുമ്പിൽ കാഴ്ചവച്ചു.

ആ ജീവരക്തത്തിലുത്ഭൂതയാം ശാന്തി-
യീജഗത്തിങ്കലൊളി വിതറും.

അക്കാലമൊക്കെയും മക്കവും കാശിയു-
മൊക്കുകിലിക്കല്ലറയ്ക്കു തുല്യം.

പൈങ്കിളി വൃന്ദം പറന്നണഞ്ഞെന്നുമീ-
യങ്കണത്തിങ്കലിരുന്നു പാടും.

നാളെയിപ്പാരിൽ സുഖിക്കും ജനതയി-
ക്കല്ലറ തൊട്ടു നമസ്കരിക്കും !
മുട്ടുകുത്തീടിൻ, നമസ്കരിച്ചീടുവി
നിത്തിരി നേരമിവിടെ നിങ്ങൾ

(4-ാം പേജിൽ നിന്നു തുടർച്ച)

കളും പസഫിക് രംഗത്തിലേയ്ക്കു് ചൊരിഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ സംരംഭത്തിന്റെ ശീഘ്ര ഗതിയെ അപേക്ഷിച്ചിട്ടാണ് ജപ്പാന്നെതിരായ പുതിയ ആക്രമണത്തിന്റെ അളവും വ്യാപ്തിയും വേഗതയും നിലകൊള്ളുന്നതു്. അടുത്ത പരിപാടിയിലേക്കു പ്രവേശിക്കുന്നതിന്നുള്ള അവസരം പരിപക്വമാവുന്നതുവരേയും വിമാനസേന വിശിഷ്ടമാംവിധം അവരുടെ ജോലി തുടരുന്നതാണ്. ഈസ്റ്റ് ഇൻഡീസിലും, ന്യൂഗിനിയിലും ആസ്ട്രേലിയക്കാർ ശത്രുവിന്നു നല്ല സമ്മാനങ്ങൾ കൊടുത്തുവരുന്നു. എല്ലാ വിധത്തിലും ജാപ്പുസേനകൾ അവിടെ ബന്ധിതരായിരിക്കുന്നു. ഒന്നുകിൽ കീഴടങ്ങുക അല്ലാത്തപക്ഷം ചാകുംവരെ ചെറുക്കുക, ഇതാണ് അവരുടെ മുമ്പിലുള്ള രണ്ടു പോംവഴികൾ.

### സർ എ. ആർ. മുതലിയാർക്കു ബഹുമതി

യുദ്ധകാലത്തു സർ എ. രാമസ്വാമി മുതലിയാർ ചെയ്ത പ്രശസ്തസേവനങ്ങൾക്കു ഒരു പാരിതോഷികവും സ്മാരകവുമെന്ന നിലയിൽ ഓക്സ്ഫോഡ് സർവ്വകലാശാല അദ്ദേഹത്തിന്നു ഡോക്ടർ ഓഫ് സിവിൽ ലാ എന്ന ബിരുദം നല്കിയിരിക്കുന്നു. സാൻ ഫ്രാൻസിസ്കോ സമ്മേളനത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച നൈപുണ്യവും വിജ്ഞാനവും സഹനതയും എത്രമാത്രം പ്രസ്താവ്യമാണെന്നു അവിടെ സന്നിഹിതരായിരുന്ന പ്രതിനിധികൾ അദ്ദേഹത്തിന്നു നല്കിയ അഭിനന്ദനങ്ങളിൽനിന്നു വ്യക്തമാവുന്നുണ്ട്. ഐക്യരാഷ്ട്രങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാമൂഹ്യ-സാമ്പത്തിക സമിതിയുടെ 21 കമ്മിററി യോഗങ്ങളിലും, സബ്ബ് കമ്മിററിയുടെ 19 യോഗങ്ങളിലും അദ്ധ്യക്ഷപദം അലങ്കരിച്ചതു ഇദ്ദേഹമത്രെ. തന്റെ പ്രസംഗത്തിന്നിടയിൽ മെക്സിക്കൻ പ്രതിനിധി പ്രഖ്യാപിച്ചു: "ഞങ്ങളുടെ പാശ്ചാത്യ രാജ്യങ്ങളിൽ അത്ര അറിയപ്പെടാത്ത ചില വിശിഷ്ടഗുണങ്ങളെ നിങ്ങൾ ഞങ്ങൾക്കു കാണിച്ചുതന്നു. നാം സമാരംഭിക്കുന്ന സംഘടനയ്ക്കു നിങ്ങളെപ്പോലെയുള്ള നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ഏതു പ്രതിബന്ധങ്ങളേയും തരണം ചെയ്യാമെന്നു എനിക്കു ദൃഢബോദ്ധ്യമുണ്ടു." എല്ലാ അംഗങ്ങളും എഴുന്നേററുനിന്നു മാന്യനായ അദ്ധ്യക്ഷനു കൃതജ്ഞത പ്രകടിപ്പിച്ചു. ജൂലായി 17-ാംനു തന്റെ അനുഭവങ്ങളെ വിവരിച്ച കൂട്ടത്തിൽ സർ മുതലിയാർ പറയുകയുണ്ടായി "യുദ്ധത്തിന്നാസ്പദമായ കാരണങ്ങളെ ദൂരീകരിച്ചാൽ യുദ്ധം ഭൂമുഖത്തു നാമാവശേഷമാകാമെന്നു ഞാൻ വിശ്വസിക്കുന്നു. ആദ്യത്തെ കാര്യം ആദ്യംതന്നെ ചെയ്യണമെന്നു ഒരാൾ വിശ്വസിക്കുന്നപക്ഷം, യുദ്ധത്തെ തടയുന്നതിന്നു ഒരു ഉപകരണം സൃഷ്ടിക്കുന്നതിന്നു മുമ്പെ തന്നെ യുദ്ധത്തിന്നുള്ള മൂലകാരണങ്ങളെ മുഴുവനും ഉന്മൂലനാശം ചെയ്കയാണ് വേണ്ടതു്. എന്റെ അഭിപ്രായം സാമ്പത്തികസാമൂഹ്യ സമിതിയും ട്രസ്റ്റിഷിപ്പുകൌൺസിലും യുദ്ധഹേതുക്കളെ നശിപ്പിക്കുന്നതിന്നു പര്യാപ്തമായ വയാണെന്നു പരിഗണിക്കപ്പെടാമെന്നതാണ്."

## വായനക്കാരോട്

യുദ്ധസഞ്ചികയിൽ പലപ്പോഴും അച്ചടിപ്പിശകുകളും മററു ചില ന്യൂനതകളും പ്രമാദങ്ങളും സംഭവിച്ചുപോകുന്നതിൽ ഞങ്ങൾക്കു അളവററ പരിതാപമുണ്ട്. അപരിത്യാജ്യവും അസാധാരണവുമായ ചില പ്രത്യേക പരിതസ്ഥിതികൾക്കു വിധേയമാകേണ്ടിവരുന്നമൂലം, ഇടയ്ക്കിടെ വന്നുപോകുന്ന ഈ ലഘുവായ തെററുകൾ മേലിൽ പരിഹരിക്കുന്നതിന്നു ആവുന്നതും ശ്രമിക്കുന്നതാണെന്നും അറിയിച്ചുകൊള്ളട്ടെ.

(യു.സ.പ.)

# സയൻസും സമുദായവും

[ആധുനികശാസ്ത്രകാരന്മാരിൽ അഗ്രഗണ്യനായ ഒരാളത്രേ പ്രഫസ്സർ ലെവി. അദ്ദേഹത്തിന്റെ ശാസ്ത്രീയ ഗ്രന്ഥങ്ങളും പരീക്ഷണങ്ങളും മനുഷ്യസമുദായത്തിന്റെ അമൂല്യനേട്ടങ്ങളാണ്. ഈ ലേഖനത്തിൽ സയൻസിന്റെ ആവിർഭാവംമൂലം ലോകത്തിനുണ്ടായ പുരോഗമനം, അതേസമയത്തു് ആ നേട്ടങ്ങളെ വേണ്ട വിധത്തിൽ ഉപയോഗിക്കായ്കമൂലമുള്ള വിഷമങ്ങളും തകരാറുകളും, നാളെത്തെ സയൻസ് എങ്ങിനെയിരിക്കണമെന്ന ഒരഭിപ്രായം,—ഇങ്ങിനെ പല പ്രശ്നങ്ങളെപ്പററിയും സംക്ഷിപ്തമായി, എങ്കിലും സാരഗർഭമായി പ്രതിപാദിക്കുന്നു. ഇന്ത്യ ഇന്നു് വ്യവസായ പുരോഗമനത്തിന്റെ പടിവാതില്ക്കൽ മുട്ടിനില്ക്കുന്ന ഒരു ദശാസന്ധിയിലാണ്. ഇത്തരുണത്തിൽ തൽസ്സംബന്ധമായ ചില ശാസ്ത്രീയാഭിപ്രായങ്ങൾ മനസ്സിലാക്കുന്നതു പ്രയോജനപ്രദമായിരിക്കും. സ്വാൎത്ഥതല്പരതയെ ലാക്കാക്കിയുള്ള വ്യവസായത്തിന്റെ ഭയങ്കരമായ ഭവിഷ്യൽഫലങ്ങളെന്തായിരിക്കുമെന്നു മറുനാട്ടിലെ അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. സാമുദായികോപയോഗത്തിന്റെ ആദൎശവും മൂലപ്രമാണവുമാക്കിയുള്ള സംരംഭത്തിന്നേ പരിപൂൎണ്ണമായി വിജയിക്കുവാനും സമാധാനപരമായി ജീവിക്കുവാനും കഴികയുള്ളു. ഈ വാസ്തവത്തിന്റെ നേരിയ ഛായകൾ ഈ ലേഖനത്തിൽനിന്നു തിരഞ്ഞുപിടിക്കാൻ കഴിയും. നാമെല്ലാവരും ഉറക്കെ ഗാഢമായി ചിന്തിക്കേണ്ട ഒരവസരമാണിതു്. മററുള്ള ചിന്തകന്മാരുടെ അഭിപ്രായ ഗതികളേയും ആശയാദൎശങ്ങളേയും ആരാഞ്ഞറിയുന്നതു് അതിന്നു കൂടുതൽ സഹായകമായിരിക്കും.—യു. സ. പ.]

## പ്രഫസർ ഹിമൻ ലെവി

നിങ്ങൾ ഇരിക്കുന്ന മുറിക്കു ചുററുപാടും ഒന്നു കണ്ണോടിച്ചു നോക്കുക. അടുപ്പിൽ കൽക്കരി, ഗ്ലാസ്സിൽ വെള്ളം, തട്ടിൽ പുഷ്പങ്ങൾ, കസേരകൾ, പുസ്തകങ്ങൾ, ശീലകൾ, ചിത്രങ്ങൾ, ആണികൾ, വൈദ്യുതദീപങ്ങൾ,—ഇവയിൽ ഏതെല്ലാമാണ് നൈസൎഗ്ഗികമായിട്ടുള്ളതു് ? വെള്ളവും-കൂടി ഒരുപക്ഷേ സോഡയായിരിക്കാം ; തിരി വൈദ്യുതശക്തിയായിരിക്കാം ; പൂക്കൾ കടലാസുകൊണ്ടു നിൎമ്മിച്ചവയുമായിരിക്കാം. . . .

ശാസ്ത്രീയമായ സൌകൎയ്യങ്ങളെ ഉപേക്ഷിക്കുന്നപക്ഷം, ആധുനികജീവിതം അപ്പടി തകർന്നു വീഴും. നഗരജീവിതം നമുക്കു അസഹ്യവും അസാദ്ധ്യവുമായി വരും. നമ്മുടെ ജീവിതാവശ്യങ്ങൾ ശരിപ്പെടുത്തുന്നതിന്നും വിപുലീകരിക്കുന്നതിന്നും സയൻസിനെ നാം ദൈനംദിനം അപേക്ഷിക്കുന്നു. സയൻസിലുള്ള പരിപൂൎണ്ണവിശ്വാസമാണ് നാളത്തെ നമ്മുടെ ജീവിതരീതി.

ആലോചിക്കൂ, 150 കൊല്ലങ്ങൾക്കുമുമ്പെ ബ്രിട്ടൻ എങ്ങിനെയായിരുന്നുവെന്ന്—അവിടുത്തെ ജനസംഖ്യ ഇന്നത്തേക്കാൾ വളരെ ചെറുതായിരുന്നു. മിക്കവാറും കൃഷിപ്രധാനമായ ഒരു രാജ്യം ; ഉയർന്നുവരുന്ന ഒരു വ്യാപാരിവൎഗ്ഗം ; വ്യവസായീകരണത്തിന്റെ തുടക്കങ്ങൾ. ഇതായിരുന്നു ഒരൊന്നര നൂററാണ്ടു മുമ്പത്തെ ബ്രിട്ടൻ. ക്രമേണ ഈ സ്ഥിതികൾ അപ്രത്യക്ഷമായി. വയലുകളും മേച്ചിൽപ്രദേശങ്ങളും കൽക്കരി ഖനികളായി ; നിശ്ശബ്ദമായ ഗ്രാമങ്ങൾ ജനബാഹുല്യമുള്ള നഗരങ്ങളായി. ഗ്രാമീണമാരുതൻ പുകപിടിച്ച വായുവായിത്തീർന്നു. നാടന്മാർ നഗരങ്ങളിലേക്കു സംക്രമിക്കാൻ തുടങ്ങി. ഒരു തലമുറക്കുള്ളിൽ, ബ്രിട്ടൻ വ്യവസായിക യുഗത്തിലേക്കു പ്രവേശിച്ചു. ജനങ്ങളുടെ സ്വഭാവം, സാമൂഹ്യരീതി, സദാചാരങ്ങൾ ഇവയെല്ലാം പണ്ടത്തെക്കാളും വ്യത്യസ്തമായി. ആവി, കൽക്കരി, ഇരുമ്പു ഇവയെ പുതിയ രീതിയിൽ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ സാമൂഹ്യ ഘടനയിലും പരിവൎത്തനം വന്നു. നമ്മുടെ മുത്തച്ഛന്മാർ അവരുടെ കാലത്തെ ജീവിതരീതി ശാശ്വതമാണെന്നു വിശ്വസിച്ചുവന്നു.

ആ പരിഗണന എത്രമേൽ അബദ്ധജടിലമാണെന്നു നമുക്കു ഇപ്പോൾ മനസ്സിലായി. സമുദായത്തിന്റെ ആവശ്യങ്ങൾ അനശ്വരമോ, പരിവൎത്തനങ്ങൾക്കു വിധേയമല്ലാത്തവയൊ അല്ല. അത്യാവശ്യം വരുന്ന ആവശ്യങ്ങളെ നിൎവ്വഹിക്കുന്നതിന്നു ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ ഉണ്ടാവുന്നു. ശാസ്ത്രീയമായ പുരോഗമനം തദ്ദേശപരമാക്കിക്കൂടാ ; അതിന്നു ദേശീയാതൃത്തികളില്ല. യാന്ത്രീകരണം ക്രമപ്രവൃദ്ധമായി വികസിച്ചു എങ്കിലും, അതിന്റെ ഗതി ഒരേ വിധത്തിലായിരുന്നില്ല. ലോകത്തിന്റെ ആവശ്യങ്ങൾക്കായി എത്രമാത്രം യാന്ത്രീകരണം വേണമെന്നാരും ആരാഞ്ഞില്ല. അന്തർദ്ദേശീയമായ പ്രവൎത്തനത്തിന്റെ അഭാവത്തിൽ ലോകത്തിലെ കച്ചവടത്തിൽ കടുത്ത മത്സരം ആവിർഭവിച്ചു.

(അടുത്ത ലക്കത്തിൽ തുടരും).

(2-ാം പേജിൽനിന്നു തുടൎച്ച)

നിന്നു പരിചകൾ വിഴുന്ന പോലെ കടുത്തതും, നദീമൎമ്മരംപോലെ ലളിതവും, പ്രവാഹംപോലെ ശീഘ്രവുമായിരുന്നു ആ പദ്യങ്ങൾ.

"ഇതു നൈസാമിയുടെ ഒരനുകരണമാണ്. കേൾക്കൂ" ആയാൾ തുടർന്നു. "അവർ പൎവ്വതങ്ങൾക്കു മേലെ സൂര്യൻ ഉദിച്ചുവരാറുള്ള പ്രഭാതത്തിലും, ഉച്ചസ്സും അന്ധകാരം രാജധാനിയങ്കണത്തിൽ ഒളിച്ചിരിക്കുകയും ഗോപുരങ്ങൾ അദൃശ്യമാകയും ചെയ്യുന്ന രാത്രിയിലും പോരാടിക്കൊണ്ടുതന്നെയിരുന്നു. ഒരു ഗോപുരം പൊളിഞ്ഞു താഴെ വീണു. എനിക്കു കരച്ചിൽ വന്നു. എന്റെ കവിളിലൂടെ ധാരയായി ഒഴുകിയ കണ്ണീർ ചളിയും രക്തവുമായി ഒട്ടിപ്പിടിച്ചു. രക്തം എന്റെ കൺകളിൽ നിറഞ്ഞു. എന്നാലും ശത്രുവിന്റെ ആ കറുത്ത മുഖം ഞാൻ കണ്ടു. എന്റെ അവജ്ഞയുടെ ദൃഷ്ടികൾക്കു രാത്രിയിലെ ഇരുട്ടിൽനിന്നുംകൂടി അവരെ വ്യക്തമായി വേർതിരിച്ചു കാൺമാൻ കഴിഞ്ഞിരുന്നു. എണ്ണമററ ശത്രുക്കളെ ഞങ്ങൾ കൊന്നു വീഴ്ത്തി. അവർ മുഖം ഭൂമിയിലമരുംവിധം വീണടിഞ്ഞു. നഗരത്തിൽ തീപിടിക്കുംവരെ ഞങ്ങൾ പൊരുതി. ആയിരം പന്തങ്ങൾ കൊളുത്തിയ പ്രകാശമുണ്ടായിരുന്നു അപ്പോൾ. ശത്രുരക്തം ചിന്നിച്ചിതറിക്കിടക്കുന്നതു് ആ വെളിച്ചത്തിൽ എനിക്കു ദൃശ്യമായി. അന്നു ഞാൻ ഒമ്പതു് കിരാതന്മാരെ വധിച്ചു. അവർ അമ്പരന്നപോലെ തൊള്ളയും പൊളിച്ചു കിടക്കുന്നു. അവസാനം ഞാൻ കൊന്നതു് ഒരാഫീസറെയാണ്. എസ്.എസ്. യൂനിഫോറത്തിലായിരുന്നു ആയാൾ. ഒരു കൊലയാളി ഈ ലോകത്തിൽനിന്നു മറഞ്ഞതിൽ ഞാൻ മതിമറന്നു സന്തോഷിച്ചു."

ആയാളുടെ പദ്യം ഉപസംഹരിക്കപ്പെട്ടു.

"എന്തൊരസാധാരണ സാമ്യം!" ഞാൻ പറഞ്ഞു. "പദ്യത്തിൽ എസ്.എസ്. ഉടുപ്പിട്ട ഒരാളെപററി പറയുന്നു. ഏതു നൂററാണ്ടിലാണ് ആ പദ്യം രചിക്കപ്പെട്ടതു് ?"

"20-ാം നൂററാണ്ടിന്റെ ആദ്യാൎദ്ധത്തിൽ 1941 വേനൽക്കാലത്തു്. എനിക്കു മുറിവേററ ആ ഗാത്ചിന സമരത്തെപ്പററിയാണ് ഞാനിപ്പോൾ വിശദീകരിച്ചതു്. എന്റെ കൺമുന്നിൽവെച്ചു ഗാത്ചിന വെന്തുവെണ്ണീറാക്കിക്കളഞ്ഞു."

"നിങ്ങൾ ആ നഗരത്തെ അത്രമേൽ ഇഷ്ടപ്പെട്ടിട്ടുണ്ടായിരിക്കണം" ഞാൻ പറഞ്ഞു.

"ഞാൻ പിറന്നതു് ഗാത്ചിനയിലാണ്. അതിലും നല്ല നഗരങ്ങളുണ്ടാവാം. പക്ഷെ ഞാൻ നൈസാമിയുടെ വാക്കിൽത്തന്നെ പറയട്ടെ. അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി കവിയുടെ മഹനീയഗുണം സ്നേഹമാണെന്നു്. അദ്ദേഹത്തിന്റെ കാവ്യങ്ങൾ മിക്കതും തൽസംബന്ധിയായിരിക്കും—ലൈലയുടേയും മെജ്നന്റെയും ചരിത്രത്തെപ്പോലെ സുന്ദരങ്ങളായ പദ്യങ്ങൾ. പ്രേമത്തിൽ വിശ്വസിക്കുന്ന ആളുകളുള്ളേടത്തോളം കാലം എല്ലാ രാജ്യത്തും ആ പദ്യം സഞ്ചരിക്കുമെന്നു അദ്ദേഹം പറയുന്നു. നമ്മുടെ രാജ്യത്തും അതു വന്നു. ലൈല എങ്ങിനെയായിരുന്നു ? യഥാൎത്ഥത്തിൽ അവൾ സുന്ദരിയായിരുന്നുവോ ? മഹാകവി സാദിയ്ക്കു ഈ ചോദ്യത്തിന്നു തക്ക മറുപടി തരാനുണ്ടു്. മെജ്നന്നു ലൈലയിലുള്ള ദൃഢാനുരാഗത്തെപ്പററി രാജാവു കേട്ടപ്പോൾ ലൈലയുടെ സൌന്ദര്യം സ്വയംകാണുന്നതിന്നു അദ്ദേഹം തീർച്ചയാക്കി. അദ്ദേഹം അവളെ നോക്കിയപ്പോൾ രാജധാനിയിലെ ഏററവും വിരൂപമായ അടിമയ്ക്കുകൂടി ലൈലയേക്കാൾ സൌന്ദൎയ്യമുള്ളതായി തോന്നി. മെജ്നൻ ഇതു ഗ്രഹിച്ചു ഇങ്ങിനെ പിറുപിറുത്തു: 'രാജൻ, ലൈലയെ അവിടുന്നു മെജ്നന്റെ കണ്ണുകൊണ്ടു നരീക്ഷിക്കണം'. എന്റെ സ്വദേശനഗരത്തെ ഞാൻ നിശ്ശാന്തമായി നിരീക്ഷിച്ചു. മെജ്നന്റെ കൺകളിലൂടെ ഞാൻ അതിന്റെ ഒച്ചപ്പാടില്ലാത്ത അഴകു ദൎശിച്ചു. ഞാൻ എന്റെ സ്നേഹത്തിന്നുവേണ്ടി പൊരുതി. അവൾക്കു വേണ്ടി ഞാൻ പ്രതികാരം ചെയ്യും."

ഞാൻ ജനലിലൂടെ പുറത്തോട്ടു നോക്കി. സെയിൻറ് ഇസാക്ക്പള്ളിയുടെ ഗോപുരം ദൂരെ കാണപ്പെട്ടു. അതിന്നുപരി ചെറുമേഘങ്ങൾ പതുങ്ങിക്കളിക്കുന്നു.

ജീവിതത്തെക്കൂടി എന്തിന്നുവേണ്ടി തുണവൽഗണിയ്ക്കപ്പെടുന്നുവോ ആ സ്നേഹത്താൽ പരിപൂൎണ്ണമാണ് ആ മുറി എന്നു എനിയ്ക്കു ഓൎമ്മവന്നു. ആ സംഗതി വിദൂരെ നിന്നു ആഗതനായ ഞങ്ങളുടെ അതിഥി നൈസാമി ഞങ്ങളെ ഓൎമ്മപ്പെടുത്തി. പീരങ്കികളുടെയിടയിൽ അദ്ദേഹം ഞങ്ങളുടെ നഗരത്തിലേയ്ക്കു കടന്നുവന്നു. ഒരു സമരസഖാവിനെപ്പോലേയും തോഴനേപ്പോലെയും ഞങ്ങളദ്ദേഹത്തെ സ്വീകരിച്ചാദരിച്ചു. പൌരസ്ത്യദേശങ്ങളിൽ മരണമടഞ്ഞവൎക്കുവേണ്ടിയുംകൂടി കുടിക്കാറുള്ളപോലെ, ഞങ്ങൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ ആശംസിച്ചു കുടിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യത്തിന്നുവേണ്ടി 100 ഗ്രാം വോഡ്ക ഞങ്ങൾ കഴിച്ചു. ഒരജ്ഞാനസ്ഥലത്തുനിന്നു കൊറോലയോവ് കുഴിച്ചെടുത്തു കൊണ്ടുവന്നതായിരുന്നു അതു്. നൈസാമിയും മെജ്നന്റെ ശാശ്വതനേത്രങ്ങൾക്കും വേണ്ടി ഞങ്ങൾ കുടിച്ചു. . . . .!!

# POTSDAM NURSES




# സത്യോക്തി

(കുറുവങ്ങാട്ടു് കെ. ജി. പണിക്കർ, വളയന്നൂർ.)

സത്യം :—

പൊന്നുച്ചിറകിട്ടടിച്ചിന്നി മാനത്തി-
ലെമ്പാടും പാറിക്കളിക്കട്ടെ ഞാൻ.

അമ്പാർന്നൊരെന്നാത്മ ചൈതന്യത്തുമയിൽ-
ച്ചെമ്പനീർത്തൂമണം വീശിടുന്നു

നിസ്വാർത്ഥമൂഢമായ് തിങ്ങുമെൻ ശ്രുതിനെ-
വിശ്വസിക്കാതുള്ള മൂഢലോകം,

അച്ഛമെന്നാശയം നന്നായ് ഗ്രഹിച്ചിന്നു-
പശ്ചാത്തപിക്കുന്നതെത്രമാത്രം !!

ദീനരെ—മർദ്ദിത പ്രാണരെ—നിശ്ശൂന്യ-
മാനസമുഗ്ദ്ധരാം ദുഃഖിതരെ !

രക്ഷിക്കുവാന,—വർക്കെന്നു മൊടുങ്ങാത്ത-
നിശ്ചലസ്സൌഖ്യത്തെ വീണ്ടുനല്കാൻ-

ആഹവം പൂണ്ടു ഞാൻ, അല്ലല്ല, മെന്നാല-
മായിന്നെന്നുദ്ദേശ്യമാകമാനം.

സൽപ്രേമവാല്ല്യ,,ററ യത്ന,മുത്സാഹ,മൊ-
ന്നപ്രഗാഢേതര തത്വബോധം,

മിക്കതുമിമ്മട്ടു കൂടിപ്രബലമാം
സഖ്യശക്തിക്കേകബന്ധുവായ് ഞാൻ,

പൂർണ്ണവിജയശ്രീലാളിതഭാഗ്യസം-
കീർണ്ണമെൻജീവിതം പാവിതമായ് !!

അസൂയ :—

ഇത്രക്ഷമാത്രമൊന്നാനന്ദിച്ചീടുവാ,
നൌദ്ധത്യം പൂണ്ടേവം ക്രുത്താടുവാൻ ;

ആയില്ല, സത്യമേ, ഞാനിങ്ങിരുപ്പുണ്ടെൻ-
മായാമനോഹരാകാരസാരൻ.

ബന്ധുരാചാരനെ,ൻ ബന്ധം കൊതിയ്ക്കാത്തൊ-
രന്ധത്വംമന്നിൽ മനുഷ്യരുണ്ടോ ?

ഭംഗിക്കലങ്കാരമേതും വരം കടം,-
വാങ്ങിയുമംഗം പ്രതിധരിച്ചും,

കണ്ടറിഞ്ഞീടുവാൻ നേരം, ചിത്രം ; മണി-
കണ്ഠത്തിൽ നന്മണി ചാർത്തണിഞ്ഞും,

വെള്ളപ്പുകിട്ടിലുലകം മയക്കുമെൻ-
കള്ളച്ചിരിപ്പാടിൻ തെല്ലതിന്നും,

സുന്ദരൻ ഞാനേകനെന്നുമുറച്ചൊന്നു-
ചെന്നിരുന്നെൻതെളി തേന്മൊഴിയെ,

തൂകുമളവിലീ ലോകത്തിലേതുള്ള-
മാകുമെൻപക്ഷം ഛ പി പക്ഷമാക്കാൻ !

നിന്നനല്പത്ത്യതിക്രമം വരുത്തുവാൻ,
നിൻസുഖച്ഛേദനം സാദ്ധ്യമാക്കാൻ,

നിത്യവുംകൂടുന്ന താവകംകേളിക്കൊ-
രത്യാഹിതാതപബാധ നല്കാൻ,

കള്ളത്തിരിപ്പു പലതുള്ള ലോകത്തി
ന്നുള്ളമീ നിന്നെയും കള്ളനാക്കാൻ,

എന്തുമെന്നാൽ കഴിവൊക്കയും ചെയ്യുവാ-
നന്തരംഗത്തിലുറച്ചവൻ ഞാൻ !

സത്യം :—

ദുർല്ലഭമാണത്രേ നല്ലതീലോകത്തി-
ലില്ലതിൽ കില്ലൊരും ലേശം പോലും

വല്ലതും ചൊല്ലുന്ന വല്ലഭൻ നീയെന്ന-
തെല്ലാക്കമിപ്പോൾ മനസ്സിലായി.

പുല്ലുപോലാണുനിൻ വാക്ധാടിയും, വെറും
പൊള്ളയാം ഭാവവും സജ്ജനൌഘേ,

മേന്മഞാൻ കൈകൊണ്ട തേലുമെന്നാളു,മെൻ
വെൺമതാൻ വെൺമയായ് മന്നിലുണ്ടാം !

ഉദ്യോഗ,മെന്തൊന്നസൂയേ, നീ ഭാവിച്ചു-
മുദ്വേഗമാക്കുവാനാവില്ലാ മേ.

പൊന്നുച്ചിറകിട്ടടിച്ചിന്നിമാനത്തി-
ലെമ്പാടും പാറിക്കളിക്കട്ടെ ഞാൻ.

അമ്പാർന്നൊരെന്നാത്മ ചൈതന്യത്തുമയിൽ-
ച്ചെമ്പനീർത്തൂമണം വീശിടുന്നു.

ചെറുകഥ

# രാഗാന്തരം

(സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി.എ.)

മാനേജർ നരേന്ദ്രൻ തന്റെ മുറിയിലിരുന്ന് ദ്രുതഗതിയിൽ എന്തോ എഴുതുകയാണ്. ഇല അനങ്ങിയാൽപ്പോലും കേൾക്കാവുന്നത്ര നിശ്ശബ്ദതയായിരുന്നു പരിസരങ്ങളിലെല്ലാം. ചാരിയിരുന്ന വാതിൽ സാവധാനം തുറന്ന് ഒരു സ്ത്രീ അയാളെ സമീപിച്ചു.

"എന്താണ് ഇത്രയേറെ നേരമായിട്ടും ഉറങ്ങാറായില്ലെ, മണി രണ്ടാവാറായല്ലൊ" അവൾ ഒന്നു ചിരിച്ചുകൊണ്ടു വീണ്ടും അയാളെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്നു.

എഴുതിയിരുന്ന പേന താഴെ വെച്ചുകൊണ്ടു അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു: "രോഹിണി, നനക്കു ആവശ്യമുണ്ടെങ്കിൽ പോയി ഉറങ്ങാം. അതല്ല, ഗോകുലനു പ്രണയലേഖനങ്ങളെഴുതണമെങ്കിൽ അതും ചെയ്യാം. എന്നെ അലട്ടരുതെ—" .

രോഹിണിയുടെ മുഖഭാവം പെട്ടെന്നു മാറി. മനോഹരമായ അവളുടെ കവിൾത്തടങ്ങൾ രക്താഭങ്ങളായി. "നരേന്ദ്രാ നിങ്ങൾക്കു ചിത്തഭ്രമമുണ്ടെന്നാണ് ഞാൻ അനുമാനിക്കേണ്ടതു്. നിങ്ങളെന്നെ ദിവസവും വെറുതെ ഇങ്ങനെ അധിക്ഷേപിക്കുന്നുവല്ലൊ" ഒട്ടൊക്കെ അവജ്ഞ അവളുടെ സ്വരത്തിൽ നിഴലിക്കാതിരുന്നില്ല.

നരേന്ദ്രനു സഹിക്കാവുന്നതിലും എത്രയോ അധികരിച്ചതായിരുന്നു അവളുടെ അപ്പോഴത്തെ സ്വരഭേദം. അയാൾ ചാടിയെഴുന്നേററു, "രോഹിണി ഇത്രയും കാലം തുടർച്ചയായി ഒരാളെ വഞ്ചിക്കുവാൻ നിനക്കു സാധിച്ചിട്ടുണ്ട്. പതിവ്രതയുടെ നിശാരമണിഞ്ഞിരിക്കുന്ന നീ ഒരഭിസാരികയാണെന്നു ഞാൻ മനസ്സിലാക്കാതെയല്ല. എന്നാൽ നീതിയുടെയും ലോകമര്യാദയുടേയും പേരിൽ ഞാനിത്രയും സഹിച്ചു. എന്നിട്ടും ഞാനൊരു വിഢ്ഢിയാണെന്നു നീ വിചാരിക്കുന്നു, വഞ്ചകീ!"

"ഭാഷയിലെ നിന്ദ്യപദങ്ങളെല്ലാം തിരഞ്ഞെടുത്തുകൊണ്ടു നിങ്ങൾ എന്നെ ഇപ്രകാരം അധിക്ഷേപിക്കരുതെ. നരേന്ദ്ര, എന്റെ മേലുള്ള നിങ്ങളുടെ ദോഷാരോപണം അസംഭാവ്യവും വ്യാജവുമാണ്. നിങ്ങളെന്നെ വഞ്ചിച്ചിരിക്കുന്നു!" കരുണരസസമ്പൂർണ്ണമായിരുന്നു പ്രതിയുടെ വാദസ്വരമെല്ലാം തന്നെ.

നരേന്ദ്രൻ നയശാലിയായ ഒരു നടനായിരുന്നു. തന്റെ തെററു അയാൾ അതിവേഗം മനസ്സിലാക്കി. അയാളുടെ രൌദ്രഭാവം ക്ഷണേന തിരോധനം ചെയ്തു. രോഹിണിയുടെ കൊഴുത്തുരുണ്ട കൈത്തലങ്ങൾ മന്ദമന്ദം തടവിക്കൊണ്ടു അയാൾ അവളെ തന്റെ സമീപത്തിരുത്തി. "ഓമനെ, നീ പരിശുദ്ധ മനസ്കയാണെന്നു എനിക്കറിയാം. എങ്കിലും നിന്റെ പിതാവിന്റെ മരണപത്രകാര്യം ഇതുവരേയും നീ എന്നോടു പറഞ്ഞിട്ടില്ലല്ലൊ. മാത്രമല്ല, അതു വഞ്ചനയല്ലെന്നു നീ ഇനിയും വാദിക്കുന്നു. . . . അതോ, അദ്ദേഹം എന്നെ വിശ്വസിച്ചിട്ടില്ലെന്നുണ്ടോ?"

"അതെനിക്കു പറയുവാൻ പാടില്ല. അച്ഛന്റെ ചുടലയിലെ തീ ശമിക്കുന്നതിന്നു മുമ്പു അദ്ദേഹത്തെക്കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതു ഭംഗിയുമല്ല. ആ മരണ പത്രരഹസ്യം അറിഞ്ഞാൽ നിങ്ങൾ എന്നെ ശവക്കുഴിയിലേക്കു തള്ളുകയും ചെയ്യും. ഇതെല്ലാം പോകട്ടെ. എനിക്കു ഉറക്കം വരുന്നു" അച്ഛന്റെ മരണശേഷം തന്റെ ഭർത്താവിന്നു വന്നുചേർന്ന ഈ നിറഭേദം രോഹിണിയെ അനവരതം വ്യാകുലപ്പെടുത്തിയിരുന്നു.

നരേന്ദ്രൻ അർത്ഥഗർഭമായൊന്നു ചിരിച്ചു.

അന്നുരാത്രി രോഹിണി ഒരു സ്വപ്നം കണ്ടു. ശവക്കല്ലറയിൽനിന്നു എഴുന്നേററുവന്ന അവളുടെ പിതാവു തന്റെ നേക്കു മുഷ്ടി ചുരുട്ടിക്കൊണ്ടു 'നോക്കിക്കോ' എന്നു പറയുകയും അദ്ദേഹത്തിന്റെ പിന്നിൽ നിന്നിരുന്ന ആർദ്രമനസ്കനായ ഗോകുലൻ അവളെ നോക്കി സഹതപിക്കയും ചെയ്തിരുന്ന ഒരു ചിത്രം! രോഹിണി ഭയന്നു വിളർത്തു. അവൾ തൊഴുകൈയ്യോടെ മാപ്പിരന്നു. പക്ഷെ അതിന്നു അവൾക്കു അല്പം വൈകിപ്പോയിരുന്നു. വേഗം അവൾ കണ്ണുമിഴിച്ചു. ഉരുകുന്ന ഹൃദയത്തോടെ ഈശ്വരാ എന്നു വിളിച്ചുകൊണ്ടു വീണ്ടും അവൾ നിദ്രാവിധേയയായി.

*　　　*　　　*

നരേന്ദ്രൻ രോഹിണിയെ വിവാഹം ചെയ്ത കഥ രസകരമാണ്.

ധനികനായ ഒരു പിതാവിന്റെ ഏകസന്താനമായിരുന്നു അവൾ. സൌന്ദര്യത്തിലുപരിയായി അവൾക്കു ഉണ്ടാകുവാൻ പോകുന്ന ധനപ്രമത്തത രോഹിണിക്കു അതിരററ ഒരു ആകർഷണശക്തി പ്രദാനം ചെയ്തു. പരിഷ്കാരിയും വിത്തപ്രതാപിയുമായിരുന്ന നരേന്ദ്രൻ അവളുടേ സഹപാഠിയാണ്. അയാളുടെ പുഞ്ചിരിയും മധുരോക്തികളും വഞ്ചനയുടെ ഒരു ഇരുമ്പുകവചമായിരുന്നുവെന്നു ധരിക്കുവാനും അയാൾക്കു തന്നോടു ഉളവായ പ്രേമത്തിന്റെ ഹേതു അപഗ്രഥിച്ചു നോക്കുവാനും വേണ്ടത്ര ധിഷണാപാടവം അന്നവൾക്കു ഉണ്ടായിരുന്നില്ല. കോളേജു മുടക്കമായിരുന്ന ദിവസങ്ങളിലെല്ലാം തന്നെ അവൾ അയാളെ ദിവാസ്വപ്നം കാണുകയായി.

രോഹിണിയുടെ പിതാവു തന്റെ പുത്രിയുടെ ഹിതാനുസാരം എന്തും ചെയ്വാൻ സന്നദ്ധനായിരുന്നു. എങ്കിലും അദ്ദേഹം അവൾക്കു പിണയുവാൻ പോകുന്ന അമളി പലവുരു ചൂണ്ടിക്കാണിച്ചുകൊടുത്തു. പക്ഷെ അതെല്ലാം അസ്ഥാനത്തായിരുന്നു.

രോഹിണിയുടെ പിതൃസഹോദരിയുടെ കനിഷ്ഠപുത്രനായിരുന്നു ഗോകുലൻ. കാർഷികജീവിതമാണ് കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതെങ്കിലും വിവേകിയും വിദ്യാസമ്പന്നനുമായിരുന്നു അയാൾ. രോഹിണിക്കും സുജ്ഞാതമായിരുന്നു അതെല്ലാം. എന്നാൽ രോഹിണിയുടെ ദൃഷ്ടിയിൽ, പിതാവിന്റെ ഈ ഭാഗിനേയനു ഒരു വലിയ കുറവുണ്ടായിരുന്നു. എന്തെന്നാൽ ഒരു കലാശാലാ ബിരുദ വിലക്കു വാങ്ങുവാനുള്ളത്ര ധനസ്ഥിതിയോ മനസ്ഥിതിയോ അയാൾക്കു ഉണ്ടായിരുന്നില്ല.

മാതുലഗൃഹത്തിൽ ഒട്ടധികം നാൾ താമസിച്ചിട്ടും വളരെയധികം ആഗ്രഹത്തോടെ ഉത്സാഹിച്ചിട്ടും ഗോകുലനു രോഹിണിയുമായി അധികസമയം സംസാരിക്കുവാൻപോലും കഴിഞ്ഞില്ല. മാത്രമല്ല അവളുടെ അന്നത്തെ പരുപരുത്ത പെരുമാററം ഗോകുലനെ ആശാഭഗ്നനാക്കുകയും ചെയ്തു.

നരേന്ദ്രൻ രോഹിണിയെ വിവാഹം കഴിച്ചു.

*　　　*　　　*

പത്രാധിപർ ഗോകുലൻ വിനീത സ്വഭാവിയും പൊതുജന സമ്മതനുമായിരുന്നു. ചിരകാലമായുള്ള പട്ടണവാസം അയാളെ അവിടം വെറുപ്പിച്ചു. നാട്ടിൻപുറത്തുള്ള തന്റെ അനാഥമായ വീടും കൃഷിസ്ഥലങ്ങളും അയാൾ സ്വപ്നം കാണുകയായി. എങ്കിലും പതിനായിരത്തിലധികം പ്രതികൾ ചിലവുണ്ടായിരുന്ന ഒരു ദിനപത്രത്തിന്റെ പ്രധാനാധിപനെ പ്രസ്സുവിട്ടു പുറത്തേക്കിറങ്ങുവാൻപോലും അനുവദിക്കാൻ ആ പത്രസമാതി വൈമനസ്യം പ്രകടിപ്പിക്കയാണ് ചെയ്തതു്. അവർ അയാളെ നാണയങ്ങൾ കൊണ്ടു മൂടിത്തുടങ്ങി. എന്നാൽ അനുദിനം ക്ഷയിച്ചു വന്നിരുന്ന അയാളുടെ ആരോഗ്യം അകാലമരണം അകലെപ്പിടിച്ചുകൊണ്ടു അയാളെ ഭീഷണിപ്പെടുത്തി.

ഗോകുലന്റെ പ്രസ്സിന്നു എതിർവശത്തായിരുന്നു നരേന്ദ്രന്റെ 'ജനറൽ റജിസിറ്റേഴ്സ് ഡിപ്പോ' സ്ഥിതി ചെയ്തിരുന്നതു്. എന്നിട്ടും ഈ ചെറുപ്പക്കാർ പരസ്പരം സംസാരിക്കാത്തതിന്റെ രഹസ്യം പട്ടണവാസികൾക്കു അജ്ഞാതമായിരുന്നു.

ഏകദേശം പാതിരാവായപ്പോൾ പീടികയെല്ലാം പൂട്ടി പിൻഭാഗത്തെ വാതിൽ തുറന്ന് നരേന്ദ്രൻ ഗൃഹാങ്കണത്തിൽ പ്രവേശിച്ചു. പതിവുപോലെ വിളക്കണച്ചു കിടക്കുന്നതിന്നു പകരം അയാൾ തന്റെ കണക്കുകൾ പരിശോധിപ്പാനും തുമ്മുവാനും ഇടക്കിടെ ചുമയ്ക്കാനും തുടങ്ങി.

ഭർത്താവിന്റെ ആഭ്രതപൂർവ്വമായ ഈ പ്രവൃത്തിമൂലം എങ്ങനേയോ രോഹിണി ഞെട്ടിയെഴുന്നേററു. അവൾ വാതിൽ തുറന്നു മുററത്തേക്കു വന്നു. അഴിഞ്ഞുലഞ്ഞ വാർമുടിയും മാറിലെ വസ്ത്രങ്ങളും ജ്വലിച്ചിരുന്ന ദീപത്തിന്നു മുന്നിൽ അവളുടെ സൌന്ദര്യം വർദ്ധിപ്പിച്ചു. അല്പനേരം നരേന്ദ്രൻ നിർന്നിമേഷനായി തന്റെ പത്നിയെ നോക്കി. അയാൾ എഴുന്നേററു ആവേശപൂർവ്വം അവളെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു: "രോഹിണി നീയൊരു സുന്ദരിയാണ്. യഥാർത്ഥത്തിൽ നീയൊരു സുന്ദരിയാണ്." അവൾ നിശ്ചഞ്ചലയായി നിന്നതേയുള്ളു. ഒരു കൊച്ചു കുട്ടിയേപ്പോലെ അവളെ പിടിച്ചു തന്റെ മടിയിലിരുത്തിയ ശേഷം അയാൾ അവളുടെ മുഖത്തേക്കു തുറിച്ചുനോക്കിക്കൊണ്ടു ചോദിച്ചു, "രോഹിണി, നീയെന്റെ ചോദ്യത്തിന്നു പരമാർത്ഥം പറയാമെന്നു സത്യം ചെയ്യണം. ഉടനെ—"

മരണശയ്യയിൻ കിടക്കുന്ന ഒരു രോഗിയെപ്പോലെ അവൾ പറഞ്ഞു "സത്യം."

"നിന്റെ അച്ഛൻ അദ്ദേഹത്തിന്റെ മരണത്തിന്നു അല്പം മുമ്പു ഗോകുലനു അയച്ചുകൊടുത്ത ആ മരണപത്രപ്രകാരം എത്ര ഉറുപ്പികക്കു നിനക്കു അവകാശമുണ്ടു്?"

കുറേ നേരത്തെ നിശ്ശബ്ദതക്കുശേഷം ഒരു ഞൊടിയിടക്കുള്ളിൽ രോഹിണി മറുപടി പറഞ്ഞു തീർത്തു: "അദ്ദേഹത്തിന്റെ എല്ലാ സ്വത്തുക്കളും ബാങ്കിലിട്ടിരിക്കുന്ന അമ്പതിനായിരം ഉറുപ്പികയും ഗോകുലന്റെ പത്രം മുഖേന ഭാഷാപോഷണത്തിനെന്നു പറഞ്ഞുകൊണ്ടു നീക്കിവെച്ചിരിക്കുകയാണത്രെ. ഒരു വൈക്കുപോലും അതിൽ എനിക്കോ നിങ്ങൾക്കോ അവകാശമില്ല."

വിദൂരാന്തരീക്ഷത്തിൽ ഒരു ഭീകര ചിത്രം ഒരു കാർമ്മേഘം നിർമ്മിക്കുന്നുണ്ടായിരുന്നു. ഒരായിരം വിഭിന്നവികാരങ്ങൾ നരേന്ദ്രന്റെ മുഖത്തു സ്ഫുരിച്ചു മാഞ്ഞുകൊണ്ടിരുന്നു. ജാമാതാവിന്നോ രോഹിണിക്കുപോലുമോ ഒന്നും കൊടുക്കാത്ത അവളുടെ പിതാവിന്റെ പ്രതികാരമനസ്ഥിതിയെ അയാൾ വെറുത്തു. അതിലുമുപരിയായ, വെറും മൃഗീയമായ പ്രതികാരേച്ഛ അയാളിൽ തിരതല്ലി. എങ്കിലും നരേന്ദ്രൻ സമർത്ഥനായ ഒരു നടൻ തന്നെയായിരുന്നു. അയാൾ ഗർജ്ജിച്ചു. "രോഹിണി, ഗോകുലനു നീ ഇന്നലെ പ്രണയ ലേഖനമയച്ചിരുന്നോ? സത്യം പറയണം, വേഗം."

"അങ്ങനെയുള്ള എഴുത്തുകൾ അദ്ദേഹം എനിക്കു അയക്കാറില്ല. അച്ഛന്റെ മരണപത്രത്തിലെ ഓരോ വശങ്ങളെക്കുറിച്ചുള്ള എന്റെ ചോദ്യത്തിന്റെ മറുവടിമാത്രമെ അദ്ദേഹം എനിക്കു എഴുതാറുള്ളു. അതാ നിങ്ങൾ എന്നെ പിന്നേയും അപമാനിക്കുകയാണ്." ദൃഢസ്വരത്തിൽ അവൾ മറുവടി പറഞ്ഞു.

"എടീ അഭിസാരികെ! ഇന്നുമുതൽ നീ എന്റെ ഭാര്യയല്ല, നീ അസത്യം പുലമ്പുന്നു. ഇനി നീ നാളത്തെ പ്രഭാതം കാണുകയില്ല." എന്നു അലറിക്കൊണ്ടു അയാൾ അവളുടെ കഴുത്തിൽ തന്റെ ഇരുകൈ കൊണ്ടും മുറുക്കിപ്പിടിച്ചു. അ

(ശേഷം 10-ാം പേജിൽ)

# സ്മരണയുടെ തെളിച്ചില്ലിൽ

തുറന്ന ഹൃദയം, നിറഞ്ഞ സൌഹാർദ്ദം, പരന്ന ചിന്ത, ഉറച്ച സംഭാഷണം, വിനീതമായ പെരുമാററം, സർവ്വദാ പ്രസന്നവദനം, ഇതൊക്കെയാണ് ആ അഭിവന്ദ്യ സുഹൃത്തിനെപ്പററി ചിന്തിക്കുമ്പോൾ എനിക്കു ആദ്യമായി രേഖപ്പെടുത്തുവാൻ തോന്നുന്നത്. കൃത്രിമജടിലമായ ഇന്നത്തെ ലോകത്തിൽ താദൃശനായ ഒരനാഡംബരവ്യക്തിയെ കാണുക സുദുർല്ലഭമത്രേ.

ഇപ്പോൾ ഒരു ദശാബ്ദകാലം കഴിഞ്ഞിരിക്കണം, ഞങ്ങൾ ചില സ്നേഹിതന്മാർ മദിരാശിയിൽ എഗ്മോർ റെയിൽവേ സ്റ്റേഷനു സമീപമുള്ള ഒരു സ്ഥലത്തുനിന്നു, രാഷ്ട്രീയം, സാഹിത്യം മുതലായ വിഷയങ്ങളെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. ഒരപരിചിതൻ കുറച്ചകലെ ഞങ്ങളുടെ സംഭാഷണത്തിൽ ദത്തശ്രദ്ധനായിനിൽക്കുന്നതു ഞാൻ കണ്ടു. അദ്ദേഹത്തിൻെറ വിഭിന്നമായ മുഖഭാവങ്ങളിൽനിന്നും ഞങ്ങളുടെ സംഭാഷണത്തെപ്പററി അദ്ദേഹത്തിൽ ചില അഭിപ്രായങ്ങൾ ഉത്ഭവിച്ചു മറയുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി. എങ്കിലും ഒരു തോർത്തുമുണ്ടും മുറിബനിയനുമായി നിൽക്കുന്ന ആ വ്യക്തി ഏതുവിധത്തിലും ശ്രദ്ധാർഹനാണെന്നു എനിക്കു തോന്നിയില്ല. ഞങ്ങളുടെ സംഭാഷണത്തിനും ആ അപരിചിതൻെറ സാന്നിദ്ധ്യത്തിനും മുടക്കമില്ലാതെ ദിവസങ്ങൾ പലതു കഴിഞ്ഞു. അങ്ങിനെയിരിക്കെ ഒരുദിവസം "മഴത്തുള്ളികൾ" എന്ന പദ്യസമാഹാരഗ്രന്ഥത്തിൻെറ നാലു പ്രതികൾ ആ അപരിചിതൻ ഞങ്ങൾക്കു തരുവാനായി സമീപത്തുള്ള ഒരു പീടികക്കാരനെ ഏല്പിച്ചിരിക്കുന്നതായി കടക്കാരനിൽനിന്നും മനസ്സിലായി. അല്പം അത്ഭുതത്തോടുകൂടെയെങ്കിലും ഗ്രന്ഥപാരായണതല്പരന്മാരായ ഞങ്ങൾ അതിനെ സസന്തോഷം സ്വീകരിച്ചു. പ്രസ്തുത ഗ്രന്ഥത്തിൽ അടങ്ങിയിരുന്ന പദ്യങ്ങൾ പ്രായേണ ഉൽകൃഷ്ടങ്ങളും, ചിലതെല്ലാം "മാതൃഭൂമി ആഴ്ചപ്പതിപ്പി"ൽ അതിനകംതന്നെ എനിക്കു സുപരിചിതങ്ങളായിരുന്നു. അടുത്ത ദിവസം ആ അപരിചിതൻ "പുസ്തകം എങ്ങിനെയിരിക്കുന്നു?" എന്ന അന്വേഷണത്തോടെയാണ് എന്നെ സമീപിച്ചത്. ഗ്രന്ഥകർത്താവാരെന്നറിയുവാൻ അത്യുൽക്കണ്ഠിതനായ എനിക്കു അതിനെപ്പററി ഖണ്ഡനപരമായ അഭിപ്രായമേ പറയുവാൻ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിനാകട്ടെ അതിൻെറ ചില ദോഷവശങ്ങളെപ്പററിയാണ് പ്രസ്താവിക്കുവാനുണ്ടായിരുന്നത്. ഞങ്ങൾ അതിനെപ്പററി സവിസ്തരമായ ഒരു വാദസമരംതന്നെ നടത്തി. തജ്ജന്യമായി എനിക്കു ആ അപരിചിതൻെറ അനിതരസാധാരണമായ ധിഷണാവിലാസത്തിലും വാഗ്വൈഭവത്തിലും അസാമാന്യമായ ആദരഭാവം ഉളവായി. ഞങ്ങൾ ആസന്നഭാവിയിൽതന്നെ ആത്മസുഹൃത്തുക്കളായിത്തീർന്നു. അക്കാലത്തു ഒരു ഫിലിം കമ്പനിയിലെ ചെറിയ ഉദ്യോഗമായിരുന്നു അദ്ദേഹത്തിൻെറ ജീവനോപായം.

കാളിദാസൻ, ഭവഭൂതി മുതലായ കവികുലാചാര്യന്മാരുടെ കൃതികൾ ആ അഭിവന്ദ്യസുഹൃത്തിൻെറ മധുരസ്വരത്തിൽ കേൾക്കുക എത്രമാത്രം ആനന്ദസന്ദായകമാണെന്നോ! സ്വയമേ ഒരുത്തമ സാഹിത്യകാരൻെറ, സർവ്വലക്ഷണവും തികഞ്ഞ ആ സഹൃദയാഗ്രേസരൻെറ നിരന്തരമായ പ്രോത്സാഹനവും, നിസ്തുലമായ ഉപദേശങ്ങളും ഇല്ലായിരുന്നുവെങ്കിൽ ഒരുപക്ഷെ ഇതെഴുതുന്ന ആളെ സഞ്ചികാബന്ധുക്കൾ അറിഞ്ഞിരിക്കുകയേയില്ല. മൂക്കോളം മാംസഭക്ഷണം കഴിച്ച് "വെടികൊണ്ട പക്ഷിയെപ്പററിയും,' വേശ്യാങ്കത്തിൽ ഉത്തമാംഗത്തെ അർപ്പിച്ചുകൊണ്ടു ഏകപത്നീവ്രതത്തെപ്പററിയും, പൊന്നുതമ്പുരാക്കന്മാരെ വാനോളമുയർത്തി കീർത്തിച്ചുകൊണ്ട് പ്രജായത്തസിദ്ധാന്തത്തെപ്പററിയും കവിതകൾ നിർമ്മിച്ചുവിടുന്ന "മഹാകവികളുടെ" കൂട്ടത്തിൽ നിങ്ങൾ ആ സാഹിതീദാസനെ ഒരിക്കലും കണ്ടെത്തുകയില്ല. അദ്ദേഹത്തിൻെറ കവിതകൾക്കേതിന്നും ഉറവിടം തികഞ്ഞ ആത്മാർത്ഥതയത്രേ. ആ "മധുരകോമളപദാവലികൾ" തത്തുല്യശക്തിയോടെതന്നെ രചയിതാവിൻെറ അന്തരിന്ദ്രിയങ്ങളിൽ പ്രവേശിച്ച് അവയെ പ്രബുദ്ധമാക്കുന്നു. അനാവശ്യമായ പ-സംഭരമോ വായനക്കാരെ ശ്വാസം മുട്ടിക്കുന്ന അലങ്കാരചാപല്യങ്ങളോ ആ സാഹിത്യത്തിൽ അപൂർവ്വമത്രേ. പഴയ കവിതകളേയും കവികളേയും അശേഷം പഴിക്കാതെതന്നെ പുരോഗമനപരങ്ങളായ കവിതകൾ നിർമ്മിക്കുന്നതിൽ അദ്ദേഹത്തിന്നു അനിതരസാധാരണമായ സാമർത്ഥ്യമുണ്ട്. ആ പന്ഥാവിൽ സർവ്വദാ അദ്ദേഹം വിജയിയത്രേ.

അതേ, നിങ്ങൾക്കെല്ലാം ആ മാന്യൻെറ പേരറിയുവാൻ അത്രമാത്രം ഉൽക്കണ്ഠയുണ്ടായിരിക്കും.

## ജി. പി. ശങ്കരമംഗലം

അദ്ദേഹം തന്നേയാണ് ഇതിനകം നിങ്ങൾക്കെല്ലാം സുപരിചിതനായിത്തീർന്നിട്ടുള്ള ശ്രീമാൻ പി. എസ്സ്. നീലകണ്ഠശർമ്മ.

മദിരാശിയിൽ കേരളതൊഴിലാളി സംഘം നടന്നിരുന്നകാലത്ത് അതിൻെറ പ്രമുഖപ്രവർത്തകന്മാരിൽ ഒരാൾ നമ്മുടെ ശർമ്മ തന്നെയായിരുന്നു. തനിക്കു ന്യായമായി തോന്നുന്ന കാര്യങ്ങളെ ആരുടെയും ഇഷ്ടാനിഷ്ടങ്ങളെ ഗണ്യമാക്കാതെ സദസ്യരെ പറഞ്ഞു ബോധിപ്പിക്കുവാനും, അവരിൽ അനുകൂലമായ ഒരഭിപ്രായം ജനിപ്പിക്കുവാനും ഉള്ള ഒരു സവിശേഷസാമർത്ഥ്യം ശർമ്മക്കുണ്ടെന്നുള്ളത് തൊഴിലാളിസംഘയോഗങ്ങളിൽ സംബന്ധിച്ചിട്ടുള്ളവർ പരക്കെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. രാഷ്ട്രീയമായും മററും വിഭിന്നചേരികളിൽനിന്ന് പൊരുതേണ്ട ഘട്ടങ്ങൾ ഞങ്ങളുടെ സൌഹാർദ്ദജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം തികഞ്ഞ ആത്മവിശ്വാസത്തോടും, നിറഞ്ഞ പ്രതിപക്ഷബഹുമാനത്തോടുംകൂടിയായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ. ഇന്നത്തെ അദ്ദേഹത്തിൻെറ രാഷ്ട്രീയാദർശങ്ങൾ എന്തുതന്നെയായിരുന്നാലും ഞങ്ങൾ പരിചയപ്പെടുന്ന അവസരത്തിൽ അദ്ദേഹം ഒരു കോൺഗ്രസ്സുകാരനായിരുന്നു. ഉത്തരകേരളത്തിലെ പൊതുകാര്യപ്രസക്തന്മാരിൽ പലരും ശർമ്മയുടെ ഉത്തമസുഹൃത്തുക്കളാണ്. രാജ്യസേവാപാരിതോഷികമായി ജെയിൽവാസവും ആ ത്യാഗിവര്യൻ അനുഭവിച്ചിട്ടുണ്ട്.

വടക്കൻ തിരുവിതാംകൂറിൽ പറവൂർ താലൂക്കിൽപെട്ട ഒരു ഗ്രാമത്തിലെ ദരിദ്രമെങ്കിലും പ്രശസ്തമായ ഒരു പുരാതന കുടുംബത്തിലെ അംഗമാണ് ശർമ്മ. പറയത്തക്ക പാഠശാലാ വിദ്യാഭ്യാസമൊന്നും അദ്ദേഹത്തിനുണ്ടായിട്ടില്ലെങ്കിലും, മലയാളം, സംസ്കൃതം, തമിഴ്, ഹിന്ദി എന്നീ ഭാഷകളിൽ തികഞ്ഞ പാണ്ഡിത്യവും, ഇംഗ്ലീഷിൽ സാമാന്യമായ പരിജ്ഞാനവും അദ്ദേഹം സമ്പാദിച്ചിട്ടുണ്ട്. വിവാഹിതനായെങ്കിലും അധികം താമസിയാതെ പത്നീമരണദുഖം അദ്ദേഹത്തിന്നു അനുഭവിക്കേണ്ടിവന്നു. അതിൽപിന്നെ ഇതുവരെ ഒരു ബ്രഹ്മചാരിയായിട്ടാണ് നാളുകൾ നയിച്ചുവരുന്നത്. സാഹിത്യം, രാഷ്ട്രീയം എന്നിവകളിലല്ലാതെ ചിത്രകലയിലും നീലകണ്ഠശർമ്മക്ക് പറയത്തക്ക പ്രാവീണ്യമുണ്ട്. പക്ഷെ, അതെല്ലാം കണ്ടറിയുവാനുള്ള കണ്ണോ, കൊണ്ടാടുവാനുള്ള കരളോ ഇല്ലാതെ അസ്മാദൃശന്മാരായ അടുത്ത ചങ്ങാതികളുടെ മാത്രം, ഫലശൂന്യമായ അഭിനന്ദനത്തിൽ അങ്ങിനെ അന്ധകാരത്തിൽ അടിഞ്ഞുകിടക്കുന്നു. അഥവാ, മലയാളികൾ മരണശേഷമത്രെ മഹാന്മാരെ മനസ്സിലാക്കുകയുള്ളു?

വെളുത്ത നിറം, പൊക്കം കുറഞ്ഞു അല്പം സ്ഥൂലിച്ച ശരീരം, അലക്ഷ്യമായ വസ്ത്രധാരണം, സർവ്വദാ താംബൂലചർവ്വിതമായ വക്ത്രം, പ്രസന്നമുഖം എന്നിവയാൽ അനുഗൃഹീതനായ ആ നാല്പതു വയസ്സോളമെത്തിയ വ്യക്തിയെ നിങ്ങൾക്കേതുകൂട്ടത്തിൽനിന്നും നിഷ്പ്രയാസം തിരിച്ചറിയാൻ സാധിക്കും. അദ്ദേഹത്തിൻെറ ദേഹമാസകലം കുലുങ്ങിക്കൊണ്ടുള്ള ചിരിയും ഉറച്ച സംഭാഷണരീതിയും പ്രസ്താവ്യമത്രേ. പല പ്രാവശ്യവും അദ്ദേഹം ഭാരതപര്യടനം നടത്തിയിട്ടുണ്ട്. ഇതാ ഇപ്പോൾതന്നെ ഒരു "ഇന്ദ്രപ്രസ്ഥയാത്ര" —അദ്ദേഹത്തിൻെറ ഭാഷയിൽ പറയുകയാണെ--കഴിഞ്ഞു ബാംബെയിൽ എത്തിയിട്ടു, ഒരു വാരക്കാലമെ ആയിട്ടുള്ളു. ഹിമാലയം മുതൽ കന്യാ

## ലേഖകന്മാക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. ഈ സംഗതിയിലേക്കു ലേഖകന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

## സെക്യൂരിററി പ്രസ്ഥാനം

### പ്രബന്ധമത്സരത്തിൽ സമ്മാനാർഹരായവർ

ഫീൽഡ് പബ്ലിസിററി സംഘടനയുടെ പ്രൊവിൻഷ്യൽ ഓർഗനൈസർ ഏർപ്പെടുത്തിയ പ്രബന്ധമത്സരത്തിൽ താഴെ പറയുന്നവർ സമ്മാനാർഹമായിരിക്കുന്നു. ശ്രീ ലക്ഷ്മിനരസിംഹന്നു ഒന്നാം സമ്മാനം കൂടാതെ 100 ക. പ്രത്യേക സമ്മാനവും കൊടുക്കുന്നതാണ്.

ഡി. രാമറാവു (സെയിദാപെററ് ടീച്ചേഴ്സ് കോളേജ്), എ. നമ്പിരാജൻ (പച്ചയ്യപ്പാസ് ഹൈസ്കൂൾ, ജി. ടി. മദ്രാസ്), എസ്സ്. രാജഗോപാലൻ (ബി. പി. എസ്സ്. ഹൈസ്കൂൾ, മൈലാപ്പൂർ), ജെ. ലക്ഷ്മിനരസിംഹൻ (ഹിന്ദു ഹൈസ്കൂൾ, ട്രിപ്ലിക്കേൻ), കെ. രഘു റാവു (മുത്തയ്യചെട്ടിയാർ ഹൈസ്കൂൾ, പരശുവാക്കം), എ. വി. ദൊരരാജൻ (ഹിന്ദു തിയോളജിക്കൽ ഹൈസ്കൂൾ, ജി. ടി. മദ്രാസ്) എന്നിവക്കു ഓരോരുത്തക്കും 20 ക. യും, ജി. വി. സൂര്യനാരായണൻ (മുത്താൽപേട്ട് ഹൈസ്കൂൾ, ജി. ടി. മദ്രാസ്), സി. വി. കൃഷ്ണൻ (മുത്താൽപേട്ട് ഹൈസ്കൂൾ, ജി. ടി. മദ്രാസ്) എന്നിവക്ക് 10 ക. യും സമ്മാനമായി നൽകപ്പെടുന്നതാണ്.

കുമാരിവരെ ഏതു സ്ഥലത്തെപ്പററിയും അദ്ദേഹത്തിന്നു അനുഭവപൂർവ്വം ചിലതെല്ലാം പറയുവാനുണ്ട്. അദ്ദേഹത്തിൻെറ സഞ്ചാരവിവരണങ്ങളടങ്ങിയ കത്തുകൾതന്നെ ഒന്നാംതരം സാഹിത്യരേഖകളത്രെ.

II

സമരസംബന്ധികളായ അദ്ദേഹത്തിൻെറ ലേഖനങ്ങളും കവിതകളും യുദ്ധസഞ്ചിക വായനക്കാർക്ക് ഇടക്കാലത്തുവെച്ച് പരിചയമായിട്ടുണ്ട്. അവയുടെ തീക്ഷ്ണത തികച്ചും അനുകരണീയമാണെന്നു വായിച്ചിട്ടുള്ള ആരും സമ്മതിയ്ക്കും.

"ഏതാനും നിമിഷങ്ങൾ-
മാത്രമേ ശേഷിപ്പുള്ളു
വേഗത്തിൽ വിസ്തീർണ്ണമായ്
തീർക്കുക കുഴികളെ.

മരണംകൊട്ടുംകോലം
കൊണ്ടൊരു ഫാസിസ്റ്റുകൾ
മരിക്കുംമുമ്പെതന്നെ
വീഴട്ടേ കുഴികളിൽ!

പാടില്ലാപ്പതിതക്കായ്
ദാക്ഷിണ്യലേശംപോലും;
പാടില്ലശ്ശവങ്ങളെ
ക്കൂടി നാം തീണ്ടിപ്പോകാൻ!"

(ഏതാനും നിമിഷങ്ങൾ)

ഭാഷയിലെ സമരസാഹിത്യത്തെപ്പററി സവിസ്തരം പ്രസ്താവിക്കുന്ന നമ്മുടെ പണ്ഡിതവരേണ്യന്മാരും വിദ്വാന്മാരും മലയാള ഭാഷയിലെ സമരസാഹിത്യസമുച്ചയത്തിൽ അമൂല്യങ്ങളായി ഇങ്ങിനെ ചില പദ്യശകലങ്ങളുള്ളതായി വിസ്മരിച്ചപോലെ തോന്നുന്നു. ഇനി കുറച്ചു നിമിഷങ്ങൾ മാത്രമേയുള്ളു, ഫാസിസ്റ്റുകൾ നശിക്കുവാൻ. അതു കഴിഞ്ഞാൽ പിന്നീടു "മന്നിലാ സമാധാനലക്ഷ്മിതൻ മൃദുസ്മിതച്ഛായറെങ്ങും" വിതറപ്പെടുന്നതാണെന്നു ഈ കവിതയിൽ അദ്ദേഹം ഉൽഘോഷിക്കുന്നു.

ഇതിൽ അവജ്ഞയാണ് ധ്വനിക്കുന്നതെന്നു ചിലർ ആക്ഷേപം കണ്ടേയ്ക്കാം. പക്ഷെ ആ അവജ്ഞ ആരോടാണ്? ഫാസിസ്റ്റുകളോട്! അവരാകട്ടെ,

"ജൂതരെ, ചൈത്യങ്ങളെ,
സ്ത്രീകളെ, മനുഷ്യത്വ
ഭൂതിയെ സർവ്വസ്വവും
ഹാ, കഷ്ടം നശിപ്പി"

ച്ചവരാണ്. അവരോടു സദുപദേശം ചെയ്തിട്ടെന്താണ് പ്രയോജനം? അവരെ എങ്ങിനെയാണ് ശുദ്ധീകരിച്ചെടുക്കുക? അതുകൊണ്ട് അവക്ക്

"മരണക്കുഴി തന്നെ
യോതട്ടേ സമാധാനം!

എന്നു ശ്രീ ശർമ്മ സ്ഥാപിക്കുന്നു. ഫാസിസ്റ്റുകൾ മരിക്കണം എന്നു പറയുന്നതിൽ ആരും— ഫാസിസ്റ്റ് ചാരന്മാരൊഴികെ—പരിഭവിയ്ക്കുകയോ പരാതി പറയുകയോ ഇല്ല. അവരെ വെറുക്കുന്നതു മനുഷ്യസഹജമായ ഒരു ഗുണം മാത്രമാണ്. നിങ്ങൾക്കു വെറുക്കാത്ത ഒന്നിനോടു പൊരുതുവാൻ സാദ്ധ്യമല്ല. ജനറാലിസ്സിമോ സ്റ്റാലിൻ ഈ സംഗതി വളരെ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയത്തുതന്നെ അദ്ദേഹം പറയുന്നു: "നാസികളെ നശിപ്പിക്കുക എന്നതിൻെറ അർത്ഥം ജർമ്മൻ ജനങ്ങളെ ഉന്മൂലനാശം ചെയ്യുകയല്ല എന്ന്." സ്നേഹം ആവശ്യമാണ്. പക്ഷെ സ്നേഹത്തിന്നു വളരുവാനും വികസിക്കുവാനുമുള്ള പരിധിയും പരിതസ്ഥിതിയും ആദ്യം സജ്ജമാക്കേണ്ടതുണ്ട്.

"സ്നേഹിയ്ക്കു ഉണ്ണി നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും."

എന്ന തത്വം ഈ യുദ്ധത്തിൽ സ്വീകരിച്ചിരുന്നെങ്കിൽ ഇന്നു ലോകത്തിൻെറ നിലയെന്താകുമായിരുന്നു? മാർഷൽ പേത്താൻ ജനങ്ങളെ സ്നേഹിച്ചിട്ടാണ് ജർമ്മൻകാർക്കൊററു നിന്നതെന്നാണ് മൂപ്പരുടെ വാദം. അക്കണക്കിൽ, സ്നേഹത്തിൻെറ പേരിൽ നമുക്കു അദ്ദേഹത്തിന്നു മാപ്പു കൊടുക്കാമോ?

"നരകം കൂടിത്തന്നെ
കാർക്കിച്ചു തുപ്പീടുമാ..
നരസംഹാരകൃത്താം
ഫാസിസം മറയുവാൻ"

ഏതാനും നിമിഷങ്ങൾ മാത്രമേയുള്ളു. കൂടുതൽ ഉദ്വേഗത്തോടെ നമുക്കു മുന്നോട്ടു പോവുകയാണ് അപ്പോൾ വേണ്ടതു എന്നദ്ദേഹം ആഹ്വാനം ചെയ്യുന്നു. ഇതിൽ ഉപകരണത്തേക്കാൾ പ്രാധാന്യം ലക്ഷ്യത്തിന്നാണ്. ഫാസിസം നശിക്കാതെ സമാധാനമുണ്ടാവുകയില്ല. സമാധാനത്തിൽനിന്നേ ശാന്തിയും സ്നേഹവും ഉറവെടുത്തുവരികയുമുള്ളു.

ഒരു സമരസാഹിത്യകാരന്ന് ഫാസിസത്തെ എതൃക്കുക മാത്രമല്ല കർത്തവ്യം എന്നു ശ്രീ ശർമ്മ നമുക്കു വ്യക്തമാക്കിത്തരുന്നുണ്ട്. നമ്മുടെ സമരം കൂടുതൽ അഗാധവും ദൂരവ്യാപകവുമാണെന്നും അദ്ദേഹം ഉൽബോധിപ്പിക്കുന്നു. "വീണ്ടും മുന്നോട്ടു" എന്ന കവിതയിൽ

ഭാരതനാട്ടിൻ സഖാക്കളെ, കൂട്ടരേ
ധീരത കാട്ടുന്ന ഭദ്ര ദീപങ്ങളെ!
പോവുക, പോവുക, മുന്നോട്ടിനിയു, മി-
പ്പോരണിച്ചട്ടയഴിക്കേണ്ടതില്ല നാം.
ചോരതെറിച്ചൊരപ്പാടുകൾ; ആയവ
ധീരത ചാർത്തിയ കുങ്കുമപ്പൊട്ടുകൾ

* * *

ഹാ, കഷ്ടമെത്രയോ കാതം പിറകിലീ-
ഭാരതമിന്നും കിടക്കുന്നു നിസ്സ്വപം!
വിജ്ഞാനശക്തി കൊളുത്തിയ ദീപങ്ങൾ
വിശ്വത്തിലെല്ലാം വെളിച്ചം പരത്തവേ,
അന്ധവിശ്വാസമാം കൂരിരുട്ടത്തു നാം-
മന്ധരായ് ഭ്രാന്തരായ് തപ്പി നടക്കയോ?
തീവ്രവേഗത്തിൽപ്പറക്കും വിമാനങ്ങൾ
തിരോമ്പുമായിട്ടുയർന്നു കളിയ്ക്കവേ,
ചാവാലികളായ കാളകളുന്തുമീ-
ജീവിതവാഹനം നമ്മൾക്കു ചേർന്നതോ?
പണ്ടത്തെ മേന്മയെ വർണ്ണിച്ചു വർണ്ണിച്ചു
ചുണ്ടുനനച്ചാൽ വിശപ്പടങ്ങീടുമോ?
പാടില്ല, പാടില്ലിതേവിധം ജീവിതം
വാടിക്കരിഞ്ഞു നിലം പതിച്ചീടുവാൻ."

ഇന്നത്തെ പടയാളിയുടെ ഉന്നങ്ങളെന്താണെന്ന് തെളിയിച്ചു കാണിക്കുന്നു. ഭാരതത്തിൻെറ ആ പഴയ പരിഷ്കാരവും, ആഭാടവും പാടിപ്പുകഴ്ത്തുകയല്ല, പ്രത്യുത ഇന്നത്തെ പരിതാപകരമായ നിലയിലേക്കു നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ് ഈ വരികളിലൂടെ അദ്ദേഹം ചെയ്യുന്നതു്. ആ നിലയിൽ നിന്നു രാജ്യത്തെ രക്ഷിയ്ക്കലാണ് ഒരു പടയാളിയുടെ കർത്തവ്യം. അതു മുഴമിച്ചശേഷം മാത്രം ആയുധം വെച്ചാൽ മതി; അതേവരെ വിശ്രമത്തിന്നവസരമില്ല.

എന്നാൽ ഭാരതത്തെ മാത്രം ലോകത്തിൽ നിന്നെടുത്തു കാണിച്ചു ദേശീയത്വത്തെ ഉയർത്തിപ്പിടിക്കുവാൻ അദ്ദേഹം ഉപദേശിക്കുന്നില്ല. ക്രമാതീതവും നിയന്ത്രണവിധേയവുമല്ലാത്ത ദേശീയത്വത്തിൻെറ തിന്മകളും വിഢ്ഢിത്തങ്ങളും അദ്ദേഹം നല്ലപോലെ അറിഞ്ഞിട്ടുണ്ടെന്നു

"ഇബ് ഭാരതം ലോകപടത്തിൽനിന്നും
വേറിട്ടതല്ലെന്നു നിനയ്ക്കു നമ്മൾ"

(ജയധ്വനി)

എന്നു തികച്ചും വെളിപ്പെടുന്നു. ഇന്നത്തെ പോരാളിയെ ലോകസ്വാതന്ത്ര്യത്തെ വീണ്ടെടുക്കുവാൻ കച്ചകെട്ടിയിറങ്ങിയ ഒരു ജനകീയവാദിയായി അദ്ദേഹം നിരീക്ഷിക്കുന്നു. എന്നാൽ ആരാണ് നമ്മുടെ പട്ടാളക്കാർ? ജനങ്ങൾ, സാധാരണ ജനങ്ങൾ, അവർക്കു വേണ്ടി, അവരുടെ രാജ്യത്തിന്നു വേണ്ടി പോരാടുന്നവർ. അവരെ "കൂലിപട്ടാളമെന്നു അവഹേളിക്കുന്നവർ" "ഒരദ്ധ്യായത്തിലെ" സാമുവലുമായിട്ടൊന്നു പരിചയപ്പെടട്ടെ.

"നിങ്ങളുടെ അന്തസ്സുള്ള ആ സംസ്കാരം, ഈ പട്ടണവീഥിയിൽത്തന്നെ പലരേയും കശാപ്പു ചെയ്യുന്നതു കാണാം. നോക്കൂ, റോഡിൻെറ വക്കത്തേയ്ക്കു അതാ ഒരു പാവമവിടെക്കിടക്കുന്നു. ആയാളെ നിങ്ങൾ കൊല്ലുന്നതു അമ്പതു വർഷം കൊണ്ടാണ്. ഉണ്ണുവാൻ ചോറു കൊടുക്കാതെ, ഉടുക്കുവാൻ തുണികൊടുക്കാതെ ഞങ്ങളുടെ ഏതു രംഗങ്ങളിലും ഇത്ര നിർദ്ദയമായ കാഴ്ചയില്ല . . . ശർമ്മാ! നിങ്ങളൊരു ഹിന്ദുവല്ലേ; നിങ്ങളുടെ മഹാഭാരതം എന്താണ് പറയുന്നത്?

'കൊല്ലപ്പെട്ടുകിലോ യുദ്ധം
വെല്ലുകിൽ തേ മഹീസുഖം'

ഇതാണ് യഥാർത്ഥമായ യുദ്ധത്തിൻെറ നില."

(ഒരദ്ധ്യായം—ഒരു തൂലികാചിത്രം)

ഇന്ത്യൻ സേനയുടെ ഒരു യോദ്ധാവാണപ്പറയുന്നതു്. അയാളുടെ പശ്ചാത്തലത്തിൽനിന്നു ആയാൾ അകന്നിട്ടില്ല. പക്ഷെ, ഈ മാന്യനേയും കൂലിപ്പട്ടാളത്തിൽ രാജ്യദ്രോഹികൾ ഉൾപ്പെടുത്തിയിരിക്കുന്നു! ശർമ്മയുടെ "ഒരദ്ധ്യായം" എന്ന തൂലികാചിത്രത്തിൽ നാം ഒരു സാമുവലിനെപ്പററി മാത്രമേ വായിക്കുന്നുള്ളുവെങ്കിൽ കൂടി ആ സേനയിൽ ഇങ്ങിനെ ആയിരമായിരം സാമുവൽമാർ ഉണ്ടാവുമെന്നു നമുക്കു തോന്നിപ്പോവും.

സാഹിത്യകാരന്മാർക്കു യുദ്ധത്തെ പല വീക്ഷണകോണത്തിൽനിന്നും കണ്ടുപഠിക്കാനും പഠിപ്പിക്കാനുമുണ്ട്. അതു് പട്ടാളക്കാർക്കു മാത്രമല്ല, പൌരന്മാർക്കും പ്രയോജനകരമാണുതാനും. ശർമ്മയെപ്പോലെയുള്ള യുവസാഹിത്യകാരന്മാർ ഇക്കാര്യത്തിൽ വീണ്ടും പരിശ്രമിക്കുന്നതു മലയാള സാഹിത്യത്തിന്നു തന്നെ ഒരനുഗ്രഹമായിരിക്കും.

അദ്ദേഹത്തിൻെറ ഉററമിത്രം ഒരാളുണ്ട്: അലസത. അതിൻെറ വേഴ്ചയിൽ പലപ്പോഴും ശർമ്മ സാഹിതിയെക്കൂടി വിസ്മരിക്കാറുണ്ട്. ആ കരുത്തംകെട്ട അലസതയുടെ ആലിംഗനത്തിൽനിന്നു അദ്ദേഹം വിമുക്തനാവാൻ നമുക്കു പ്രാർത്ഥിക്കുക. ആദർശസുരഭിലമായ ആ ജീവിതത്തിൻെറ ഒരു നേരിയ ചിത്രമെങ്കിലും വരക്കുവാൻ എൻെറ തൂലിക അശക്തമാണ്. എങ്കിലും അതിൻെറ അനന്യസുലഭങ്ങളായ ഗുണവിശേഷങ്ങൾ ഈ നിർജ്ജീവ തൂലികയേയും ചിലപ്പോൾ ചലിപ്പിക്കുന്നുവെന്നതിന്നു വേറെ ലക്ഷ്യം ആവശ്യമില്ലല്ലോ.

---

(8-ാം പേജിൽനിന്നു തുടർച്ച)

യാളുടെ പിടി മുറുകുംതോറും അവളുടെ ദീനസ്വരം അവ്യക്തമായി അന്തരീക്ഷത്തിൽ ലയിക്കുവാൻ തുടങ്ങി. അവളുടെ മുഖത്തു ഭയം അല്പംപോലുമുണ്ടായിരുന്നില്ല. കാരണം എത്രയോ മുമ്പുതന്നെ രോഹിണി ഈ കൃതഘ്നത പ്രതീക്ഷിച്ചിരുന്നതാണ്. പക്ഷെ അവളുടെ വിവേകവും പശ്ചാത്താപവും കുറെ നേരത്തെ വേണ്ടതായിരുന്നുവെന്നുമാത്രം! രോഹിണിയുടെ കണ്ണുകൾ തുറിച്ചു. അവളുടെ ശ്വാസോച്ഛ്വാസം നിലയ്ക്കാറായി. തൽക്ഷണം ഒരു പഴകിയ കളിപ്പാവയെപ്പോലെ ക്രോധോന്മത്തനായ നരേന്ദ്രൻ അവളെ മതിൽക്കെട്ടിന്നു പുറത്തുകൂടി റോട്ടിലേക്കെറിഞ്ഞു.

* * *

നരേന്ദ്രൻെറ വീട്ടിലെ ബഹളം കേട്ടുകൊണ്ടു പത്രാധിപർ മതിൽക്കെട്ടിന്നു പുറത്തു തൻെറ കാറിൻെറ പിന്നിൽ ചാരി കൈ കെട്ടിനില്ക്കുകയായിരുന്നു. ഉൽക്കണ്ഠയും അനുകമ്പയുമാണ് ആ വിശാല ഹൃദയനിൽ കുടികൊണ്ടിരുന്നതു്. പെട്ടെന്നു എന്തോ കനമുള്ള ഒരു സാധനം കാറിൻെറ മേൽ മൂടിയിന്മേൽ വന്നു വീണു. അദ്ദേഹം വിളക്കു തെളിയിപ്പിച്ചു. ഉടനെ ഓടിപ്പോയി കുറെ വെള്ളം കൊണ്ടുവന്ന് അദ്ദേഹം അവളുടെ മുഖത്തു തളിച്ചു.

രോഹിണി കണ്ണു തുറന്നു. ഹൃദയവേദനയോടെ അവർ വിളിച്ചു. "ഗോകുലാ" അവളുടെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായിരുന്നു.

"രോഹിണീ. . . ."

നാട്ടിൻ പുറത്തേക്കുള്ള ഒരു പാതയിൽക്കൂടി ഒരു മധുരഗീതവും പാടിക്കൊണ്ടു ആ വാഹനം അന്ധകാരം ഛേദിച്ചു മുന്നോട്ടു നീങ്ങി.

നാട്ടിൻപുറങ്ങളിൽനിന്നു

# കരിഞ്ചന്തയിലേക്ക്

(ബലാരത്ത് ഉമ്മർകുട്ടി സാഹിബ്, ചൊക്ലി)

കർക്കടമാസം, മഴ ധാരധാരയായി ചൊരിഞ്ഞുകൊണ്ടേയിരിക്കുന്നു. ഞാനും എന്റെ സ്നേഹിതൻ മിസ്റ്റർ റഷീദും വീട്ടിലുള്ള ചാരുകസേരകളിൽ ചാരിയിരുന്നുകൊണ്ടു യുദ്ധവാർത്തകളെക്കുറിച്ചും, കരിഞ്ചന്തപ്പിശാചിന്റെ നർത്തനരംഗമായ നാട്ടിന്റെ സ്ഥിതിഗതികളെയനുസ്മരിച്ചും, സഖ്യശക്തികൾ ശത്രുസംഹരണത്തിന്നും ജനങ്ങളുടെ സംരക്ഷണത്തിന്നും ഒരുക്കിവരുന്ന സംഹാരസാമഗ്രികൾക്കുവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുന്ന ഗണ്യമായ തുകകളുടെ നിലയെ അധികരിച്ചും, വെടി പറഞ്ഞുമിരിക്കുകയായിരുന്നു. അപ്പോൾ അതാ ഒരു കീറക്കുടയുമേന്തി നനഞ്ഞുലഞ്ഞു മുഹമ്മദ് മുസലിയാർ എന്തൊന്നില്ലാത്ത പരിഭ്രമത്തോടെ ബദ്ധപ്പെട്ടോടിവരുന്നു. വീട്ടിന്റെ ഉമ്മറത്തെത്തിയ ഉടനെ തലപ്പാവും കുപ്പായവുമെല്ലാം പിഴിഞ്ഞാററി ദീർഘനിശ്വാസത്തോടെ അടുത്തുള്ള കസേരയിലുപവിഷ്ടനായി താടിക്ക് കയ്യൂന്നി ഒന്നും മിണ്ടാതിരുന്നു.

ഞാൻ : എന്താ മുസലിയാരേ! കുട കീറിയിരിക്കുന്നു, ഇല്ലേ? ഇപ്പോൾ കുടയും കിട്ടുന്നില്ല. അതിന്നും കരിഞ്ചന്തതന്നെ. കടലാസ്സ് വായിക്കാൻ വായനശാലയിൽ പോകാമെന്നുദ്ദേശിച്ചു പുറപ്പെട്ടപ്പോഴാണ് മഴ കോരിച്ചൊരിഞ്ഞത്. കുടയില്ല. ആകപ്പാടെ കുഴങ്ങി.

മുസലിയാർ : നിങ്ങളെല്ലാം കുടയില്ലെന്ന് പറഞ്ഞാലോ? എന്നെപ്പോലെ സാധുവാണോ നിങ്ങൾ?

ഞാൻ : എനിക്ക് കുടക്കമ്പനിയോ മററൊ ഉണ്ടോ? സാധുവായാലും, അസാധുവായാലും പണമുണ്ടായിട്ടുകൂടി കുട കിട്ടുന്നില്ലല്ലോ. എന്താ ചെയ്യുക? അധികരിച്ച വിലക്ക്, കുട പോകട്ടെ, എത്ര ബുദ്ധിമുട്ടനുഭവിച്ചാലും ഒരു സാധനവും ഞാൻ വാങ്ങുകയില്ലെന്ന് ശപഥം ചെയ്തു കഴിഞ്ഞു. അതു നിൽക്കട്ടെ, എന്താ താങ്കൾ ഇപ്പോൾ, ഈ മഴയത്ത് ഇറങ്ങിയത്? വിശേഷിച്ചൊന്നുമില്ലല്ലോ.

മുസലിയാർ : ഒന്നും ഇല്ല; വെറുതെ വന്നു. ഉള്ളതെല്ലാം വിശേഷിച്ചുതന്നെയാണ്.

ഞാൻ : അതെന്താ ഇങ്ങിനെ പറയുന്നത്? ഇപ്പോഴത്തെ വരവിന്റെ ഉദ്ദേശമെന്താണ് പറയിൻ.

മുസലിയാർ : പറഞ്ഞിട്ടെന്താണ് ഫലം, അല്ലാഹുവിന്റെ വിധി ഇങ്ങിനെയായിരിക്കും.

ഞാൻ : പറയിൻ, ഫലമുണ്ടാകുമോ എന്നു നോക്കാമല്ലോ.

മുസലിയാർ : ഞാൻ എന്റെ മകളെ വിവാഹം കഴിച്ചുകൊടുക്കാൻ വളരെ ബുദ്ധിമുട്ടി ഇന്നാട്ടിലെ പലരുടേയും കാലു പിടിച്ചു, അവരിൽനിന്നെല്ലാംകൂടി ഒരു 100 ഉറുപ്പികയുടെ അടുത്തു പിരിഞ്ഞുകിട്ടിയിരിക്കുന്നു. പുതിയാപ്പിളക്ക് കൊടുക്കേണ്ടുന്ന കാശുവപണം (റൊക്കസംഖ്യ) താൻ കൊടുക്കാമെന്ന് എം. പി. ഇബ്രാഹിം ഹാജി സാഹിബും, മകൾക്കുള്ള കാതിലക്കോപ്പുകൾ (സ്വർണ്ണാഭരണം) നമ്മുടെ മജീദ് സാഹിബും എന്നോട് വാഗ്ദത്തം ചെയ്തിട്ടുണ്ട്.

ഞാൻ : അവർ രണ്ടാളും സർവ്വവിധത്തിലും സാധുക്കളെ സഹായിക്കാൻ സദാ സന്നദ്ധന്മാരാണ്.

മുസലിയാർ : എന്നാൽ മംഗലം ഞാൻ എങ്ങിനെ കഴിക്കും?

ഞാൻ : മംഗലം കഴിക്കുന്നതിനെന്താ മുടക്കം? ചുരുക്കത്തിൽ ആ ചടങ്ങു അങ്ങട്ട് നിർവ്വഹിച്ചാൽ മതി.

മുസലിയാർ : അതല്ല എണ്ണയും, പഞ്ചാരയും, അരിയും കിട്ടുകയില്ലല്ലോ.

ഞാൻ : അരി കിട്ടുമല്ലൊ. താലൂക്ക് റേഷൻ ആഫീസർ അവർകൾക്ക് ഒരു ഹരജി ബോധിപ്പിച്ചാൽ മുപ്പത് ആളുകൾക്കോ മററൊ ഉള്ള അരി അനുവദിക്കുമെന്നല്ലെ കേട്ടതു.

മുസലിയാർ : മുപ്പതോ? ഞാൻ അങ്ങിനെ ഓരോരുത്തരെയും വകതിരിച്ചു ക്ഷണിച്ചു ചുരുക്കത്തിൽ കഴിച്ചാൽ എനിക്ക് നാട്ടുകാരെല്ലാം വേണ്ടേ, അവരെന്റെ നേരെ അറപ്പും വെറുപ്പും കാണിക്കുകയില്ലെ?

ഞാൻ : മുസലിയാരെ, കാലം മാറിയതറികയില്ലെ? യുദ്ധകാലത്ത് അധികരിച്ച ആളുകളെ ക്ഷണിച്ചു ആവശ്യങ്ങൾ (കല്യാണം) കഴിപ്പാൻ പാടില്ലെന്ന് നിയമമുണ്ട്. കുറഞ്ഞ ആളുകളെ മാത്രം ക്ഷണിച്ചാൽ മതി.

മുസലിയാർ : യുദ്ധം ഇപ്പോഴൊന്നും അവസാനിക്കുകയില്ലെ?

ഞാൻ : അടുത്ത് അവസാനിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; അടുത്തവസാനിക്കേണമെന്നാണ് പ്രാർത്ഥിക്കേണ്ടതു്. വലിയ ഉശിരും പ്രതിജ്ഞയും പ്രതാപവും ലോകസമക്ഷം വെളിപ്പെടുത്തിയ ഹിററ്ലരും തന്റെ സിൽബന്തികളും തോററു തുലഞ്ഞു നശിച്ചില്ലെ? ഇനി ജപ്പാനും തുലയണം; അതിന്നും അവർ (സഖ്യകക്ഷികൾ) അവിശ്രമം പരിശ്രമിക്കുന്നുണ്ട്. ജപ്പാനും കൂടി തുലഞ്ഞാൽ നാം ജയിച്ചു.

മുസലിയാർ : അപ്പൊ സ്വന്തകാര്യത്തിലേക്കു കടക്കുക. അരിയുടെ കാര്യം നിങ്ങളിൽനിന്ന് മാത്രമേ അറിവാൻ കഴിഞ്ഞിട്ടുള്ളു. പിന്നെ, ഒരു കാര്യം തീരെ ഒഴിച്ചുകൂടാത്തതുണ്ട്.

ഞാൻ : അതെന്താണ്?

മുസലിയാർ : മകൾക്ക് ഉടുക്കുവാനുള്ള വെള്ളയും തലയിൽ ധരിക്കുന്ന തട്ടവും, ഒരു കുപ്പായവും വേണം. അതു കൂടാതെ കഴികയില്ല. അന്ന് അവളെങ്ങിനെയാണ് കീറിപ്പറിഞ്ഞു മുഷിഞ്ഞു നാറിയ വസ്ത്രങ്ങൾ ധരിക്കുക?

റഷീദ് : മുസലിയാരെ, ഇന്നാട്ടിലെ മുസ്ലിമീങ്ങളിൽ ചിലർക്കെല്ലാം മേട്ടൂർ ചരക്കുകൾ കിട്ടിയിട്ടുണ്ടെന്നാണറിവ്. അവരെ ഒന്ന് സമീപിച്ചു നോക്കീൻ.

മുസലിയാർ : ആരെ? മുസ്ലിം എന്നു പേരുണ്ടായാൽ മതിയോ? ലേബൽ നന്നായാൽ മതിയോ, കുപ്പിയിലുള്ള സാധനം നന്നാവണ്ടേ? അവരുടെ ഹൃദയത്തിൽ സമത്വത്തിന്നും സാഹോദര്യത്തിന്നുംപകരം പകയും, അനൈക്യവും മാത്രമാണ്. ഇവിടെയുള്ള അമുസ്ലിം കച്ചവടക്കാരും ഞാനുമായി പരിചയവും ഇല്ല; അവരെ സമീപിക്കാനും വഴി കാണുന്നില്ല.

ഞാൻ : മുസലിയാരെ! ജാതി നോക്കേണ്ടതില്ല തുണി വാങ്ങാൻ. ഉള്ളവരെ സമീപിക്കുക, ചോദിക്കുക, അതാണ് പൊതുജനങ്ങളായ നമ്മുടെ മുറ.

റഷീദ് : ഇവിടത്തെ മുസ്ലിംകളിൽ ചിലർക്കു മേട്ടൂർ തുണികൾ കിട്ടിയതായും അതു അപ്പടി കരിഞ്ചന്തയിൽ വിററതായും ആവലാതികൾ കേൾക്കുന്നു.

ഞാൻ : മുസ്ലിമീങ്ങളെന്നോ ഹിന്ദുക്കളെന്നോ വകതിരിച്ചു എണ്ണേണ്ടതില്ല. രണ്ടു കൂട്ടരിലുമുണ്ട് ചിലർ കരിഞ്ചന്തക്കാർ. ഈ ബസാറിൽ മേട്ടൂർ ചരക്കുകൾ മര്യാദ വില്പന നടത്തുന്നവരായും ആവലാതികൾക്കിടം നൽകാത്തവരായും അഞ്ചാറ് കച്ചവടക്കാർ മാത്രമെയുള്ളൂ. ഈ അഞ്ചാറിൽ മുസ്ലിംകളും അമുസ്ലിംകളും പെടും. ബാക്കിയുള്ള ചിലരെല്ലാം കരിഞ്ചന്തയുടെ അഗ്രേസരന്മാരാകുന്നു. ചുരുങ്ങിയ കരിഞ്ചന്തയുമല്ല; വമ്പിച്ച കരിഞ്ചന്ത. കരിഞ്ചന്ത നടത്താതെ അവർക്കു കിട്ടിയതു മര്യാദയിൽ വിററഴിക്കുവാനുത്സുകരായ പ്രസ്തുത അഞ്ചാറു പേരേ ഉള്ളൂ; ബാക്കിയുള്ള പകൽകൊള്ളക്കാർ, മര്യാദ വ്യാപാരികളോടു അങ്ങിനെ വില്ക്കരുതെന്നും ഇപ്പോഴാണ് ലാഭമെടുക്കേണ്ടുന്ന സമയമെന്നും, പൊതുജനങ്ങൾക്കു നമ്മെ ഒരു മണ്ണാങ്കട്ടയും ചെയ്വാൻ കഴികയില്ലെന്നും കൂടി ഉപദേശിച്ചു വരുന്നതായുമറിയുന്നു.

റഷീദ് : ഇത്തരക്കാരുടെ ഇടയിലായതുകൊണ്ടായിരിക്കും അവരുടെ കൂടെ സൽപേരുകൾ പ്രശോഭിക്കാതെ പോയതു്.

ഞാൻ : അതെ, അതുതന്നെയാണ്.

റഷീദ് : വലിയ വിലകൊടുത്തു വാങ്ങാതെ കഴിക്കുക മുസലിയാരെ!

മുസലിയാർ : വലിയ വില കൊടുത്തു വാങ്ങാൻ നിവൃത്തിയുമില്ല, അങ്ങിനെ വാങ്ങുകയുമില്ല, തീർച്ചയാണ്.

റഷീദ് : മുൻപറഞ്ഞ ആ അഞ്ചാറാളുകളെയെങ്കിലും സമീപിച്ചു നോക്കരുതോ?

ഞാൻ : ചെന്ന് നോക്കിൻ, ഉണ്ടെങ്കിൽ അവർ തരും. ഇന്നലെത്തന്നെ മുഴുവനും അവർ വിററഴിച്ചുവെന്നാണ് കേൾവി. വേണമെങ്കിൽ അവരെ ഞാൻ പറഞ്ഞു തരാം.

മുസലിയാർ : വിററു തീർന്നുപോയിട്ടുണ്ടെങ്കിൽ അവരെ സമീപിച്ചിട്ടെന്താണ് ഫലം?

ഞാൻ : വിററു തീർന്നുവെന്ന് കേട്ടതാണ്, ഞാൻ പോയിട്ടുമില്ല, കിട്ടിയിട്ടുമില്ല. അതു വാസ്തവമല്ലാതിരിക്കാൻ വഴിയില്ല. അവരെപ്പററി ഉള്ളതു ഇല്ലാതാവുകയോ, ഇല്ലാത്തതു ഉണ്ടാവുകയൊ പതിവില്ല. അവർ തികച്ചും മര്യാദ അർഹിക്കുന്നുണ്ടെന്നാണ് പൊതുജനങ്ങളുടെ വിശ്വാസം.

മുസലിയാർ : ഒരു സമയം ഇല്ലെങ്കിൽ വെറുതെ അവരെ ബുദ്ധിമുട്ടിക്കുന്നതിന്റെ ആവശ്യമെന്താണ്?

ഞാൻ : അതാണ് നല്ലതു്. ഇല്ലെങ്കിൽ ഇല്ലാത്തപോലെ. അലക്കിവെച്ചതോ മററൊ ഉപയോഗിക്കയാണ് നല്ലതു്.

മുസലിയാർ : വളരെ നല്ല പോംവഴി. എങ്ങിനെയെങ്കിലും കാര്യം നടത്തണം.

റഷീദ് : ഈ കരിഞ്ചന്തക്കാർ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചിട്ടുണ്ടെന്നു കേട്ടു. അവരുടെ ഷാപ്പിന്റെ ഉമ്മറത്തുവെച്ചു വേല ചെയ്തുവരുന്ന തയ്യൽകാരെ ഏല്പിച്ചു കരിഞ്ചന്തയിൽ വില്പിക്കുക; അല്ലെങ്കിൽ അവരുടെ ചൊല്പടികൊതുങ്ങുന്ന ബന്ധുമിത്രങ്ങളുടെ പേരുകൾ ചേർത്തുവെച്ചു സൂത്രത്തിൽ വില്പന നടത്തിക്കളയുക; അതുമല്ലെങ്കിൽ വാങ്ങാൻ കഴിവില്ലാത്ത ഇരപ്പാളികളെ സ്വാധീനപ്പെടുത്തി ഉപദേശിച്ചു അവർക്കൊരു നാലണയിൽ കവിയാത്ത സംഖ്യ സമ്മാനിച്ചു സമ്മതിപ്പിച്ചു പേരുകളെഴുതിവെച്ച് അപ്പടി കരിഞ്ചന്തയിലയക്കുക. പൊതുജനാക്ഷേപങ്ങൾ നിമിത്തമോ മററോ ഉത്തരവാദപ്പെട്ടവർ പരിശോധിക്കുമ്പോൾ, കിട്ടിയതോതനുസരിച്ചും ഒട്ടും പിഴക്കാതെ മുമ്പെഴുതിവെച്ച കള്ളപ്പേരുകൾ കാണിച്ചു കണ്ണിൽ പൊടിയിട്ടു മടക്കി അയക്കുക. ആഴ്ചതോറും പറമ്പുകളും നിലങ്ങളും പീടികകളും മററു ഭൂസ്വത്തുകളും കണക്കില്ലാത്ത വിലയും കൊടു

(ശേഷം 12-ാം പേജിൽ)

## അവരുടെ വാർഷികോത്സവം

തിരുവിതാംകൂർ ലേബർ യൂണിററ് നമ്പർ 61 ൻെറ പന്ത്രണ്ടു മാസത്തെ യുദ്ധസേവനം കഴിയുന്ന വാർഷിക മഹോത്സവം ജൂലായി 14-ാം തിയ്യതി ശനിയാഴ്ച അതിഗംഭീരമായ ടീ പാർട്ടിയോടുകൂടി യൂണിററിലെ ആഫീസർ കമാണ്ടറായ ക്യാപ്ററൻ ചാമ്പിയൻ ജോൺസിൻെറയും, ലേബർ വെൽഫേയർ ഓഫീസറായ മി. കുപ്പുസ്വാമി, ബി.എ., യുടെയും അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഇതിൽ തിരുവിതാംകൂർ ഫസ്റ്റ് ഇൻഫെൻഡ്ററി, കൊച്ചി 57, തിരുവിതാംകൂർ 60 എന്നീ യൂണിററിലേയും അംഗങ്ങൾ സന്നിഹിതരായിരുന്നു. തദവസരത്തിൽ "ശശിധരൻ, ബി.എ." എന്ന പ്രഹസനം തന്മയത്വത്തോടുകൂടി അഭിനയിച്ചു. അതിൻ യൂണിററിലെ സെക്കൻററ് കമാണ്ടറായ മി. പി. എം. പിലിപ്പിൻെറ "കൃഷ്ണകർത്താ" എന്ന ഭാഗം അഭിനയിച്ചതു് കേരളീയരെ ആനന്ദത്തിൽ ആറാടിച്ചു എന്നതു് പ്രസ്താവയോഗ്യമാണ്.

## "വീരാംഗന"

തിരുവിതാംകൂർ 72-ാം നമ്പർ ലേബർ യൂണിററുകാർ "വീരാംഗന" എന്ന പ്രസിദ്ധ ഗദ്യനാടകം ഏററവും തന്മയത്വമായി അഭിനയിച്ചിരിക്കുന്നു. നാടകത്തിലെ പ്രധാന നടന്മാർ: എസ്സ്. കെ. ജി. പണിക്കർ, വർഗ്ഗീസ്, കുഞ്ഞുകൃഷ്ണപിള്ള, രാമകൃഷ്ണ പിള്ള, രാഘവക്കുറുപ്പ്, കുട്ടൻ, പോലീസ് ഉമ്മൻ, ഗംഗാധരൻ, ജോസഫ്, ഗോപാല പിള്ള, വാസുദേവൻ പിള്ള, രാഘവൻ, കുമാരൻ, കെ. ഏ. ജോസഫ്, നേഴ്സിംഗ് ഓർഡർലി ഗോപാല പിള്ള എന്നിവരായിരുന്നു. നടന്മാർക്ക് നാടകവേദിയിൽ വലിയ പഴക്കമോ പരിചയമോ ഇല്ലെങ്കിലും, അവരുടെ അഭിനയചാതുര്യവും ഭാവനാശക്തിയും സ്തുത്യർഹമായിരുന്നു.

ഈ യൂണിററുകാർ, താമസിയാതെ "കാപ്പിരിയിലെ കല്പപാദപം" എന്ന നാടകം അഭിനയിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായും അതിലേയ്ക്കുള്ള റിഹേഴ്സൽ നടന്നുവരുന്നതായും അറിയുന്നു.

## യാത്രാമൊഴി

(കോറോത്തു് ചന്തുക്കുട്ടി, നിട്ടൂർ)

കണ്ടു ഞാൻ ഭുവിതിൽ നിത്യനിരാശയി-
ലാണ്ടുപോയുള്ള പ്രണയകരങ്ങളെ,

അന്നെനിക്കൊന്നുമേ സാരമായ് തോന്നില
യെന്നാലു മിന്നതിൻ സാരം ഗ്രഹിച്ചു ഞാൻ.

തിങ്ങുമാ പൂർവ്വസ്മരണകളൊക്കെയും
പൊങ്ങിവരുന്നു മൻ മാനസ വീഥിയിൽ

ഒപ്പമൊരുമിട്ടു നമ്മൾ പഠിച്ചതാം-
വാഗ്ദാനമിന്നും മനസ്സിലുണ്ടോമലേ!

എന്തിനീമാമക വർണ്ണനയൊക്കെയും-
മണ്ണടിഞ്ഞൊക്കെ മറഞ്ഞുകഴിഞ്ഞുപോയ്.

മാമക ജീവിത രംഗത്തിലെന്നുമേ-
മായാത്തമാമക മഞ്ജു നികുഞ്ജമേ!

എൻ മനമാനന്ദ മൂഞ്ഞാലിലാട്ടുവാൻ
ഇമ്മന്നിൽ വന്നതാം പ്രേമസ്വരൂപിണീ!

ആറായിരം കഥ വന്നടിഞ്ഞീടിലും-
ആരുകയില്ലപ്പവിത്ര സ്മരണകൾ.

നിൻമൊഴിയോരോന്നുമെൻ ചുററുപാടുമായ്
പൊങ്ങീ മുഴങ്ങുന്നു സംഗീതധാരപോൽ.

ഹന്ത! നിൻ മംഗല്യവാർത്തയേ കേട്ടു ഞാൻ;
എന്തു ഞാനോതട്ടെ, യെല്ലാം കഴിഞ്ഞുപോയ്!

ഒട്ടൊന്നിടിഞ്ഞുമൽ ഹൃത്തടമുൽക്കട-
ദുഃഖത്തിന്നുള്ളൊരിടിവെട്ടൽ മൂലമായ്

പോകട്ടെ പോകട്ടെയെൻദീന ചിന്തകൾ
വേഗം കദനം ജ്വലിച്ചിരിക്കട്ടെമേൽ

ഞാനിതാപോകുന്നു പോരിനായോമലേ
ദീനതയ്ക്കെല്ലാം പരിഹാരമേകുവാൻ

നൈരാശ്യജീവിതം കൈക്കൊൾവതേക്കാളു-
മേറെ മനോഹരം വീരസ്വർഗ്ഗം ദൃഢം.

(11-ാം പേജിൽ നിന്നു തുടർച്ച)

തൂ മേടിച്ചു വെക്കുക. ഇതെല്ലാം ഏതു പണമാണ്? പൊതുജനങ്ങളുടെ കണ്ണും പൊത്തിപ്പൊട്ടി വഞ്ചിച്ചു കരസ്ഥമാക്കിയതല്ലേ?

ഞാൻ: ഇത്തരക്കാരായ നാലഞ്ചു തുണിക്കച്ചവടക്കാരെ ശിക്ഷിച്ചതായി ഒരാഴ്ചമുമ്പ് ഞാൻ പത്രത്തിൽ വായിച്ചതായി തോന്നുന്നുവല്ലോ.

ഞാൻ: കരിഞ്ചന്തകൊണ്ടുണ്ടാകുന്ന താല്ക്കാലിക ലാഭം ഉടനെതന്നെ നഷ്ടമായിട്ടാണു പരിണമിക്കുന്നതു്. പോരാഞ്ഞിട്ടു കാരാഗൃഹവാസവും.

റഷീദ്: ഗവമ്മേണ്ടു ഇങ്ങിനെ ചെയ്യിട്ടില്ലെങ്കിൽ ഇവർ നമ്മെ, ചോര കുടിച്ചുകൊണ്ടു കുഴിച്ചുമൂടിക്കളയുകയില്ലെ?

ഞാൻ: അതു വാസ്തവംതന്നെയാണ്. ഇനിയെങ്കിലും ഇത്തരക്കാർ പഠിക്കട്ടെ.

മുസലിയാർ: പഠിക്കുവാനിഷ്ടമില്ലെങ്കിൽ, ഇവകളെല്ലാം ഓലപ്പാമ്പായി തോന്നിപ്പോകുന്നുണ്ടെങ്കിൽ അനുഭവിച്ചു പഠിച്ചുകൊള്ളട്ടെ.

ഞാൻ: ഇങ്ങിനെയുള്ള കരിഞ്ചന്തക്കാരെക്കുറിച്ചു ഇനിയും ഗവമ്മേണ്ടു സൂക്ഷിച്ചു വീക്ഷിച്ചു വേണ്ടുന്ന നടപടികളെടുക്കുമെന്നാണു പത്രങ്ങളിൽ കണ്ടുവരുന്നതും അധികൃതവൃത്തങ്ങളിൽ നിന്നറിയപ്പെടുന്നതും.

മുസലിയാർ: വളരെ നല്ലതു് രാജ്യം നന്നാവട്ടെ. എന്നാൽ ഇങ്ങിനെയൊക്കെ ചെയ്യാം. ഞാൻ പോകട്ടെ; പിന്നെ കാണാം.

## മുന്നറിയിപ്പ്

(എൻ. കെ. മൊയ്തു, പന്തലൂര്)

പടക്കളത്തിൽ പരാക്രമത്തിൽ പുലിക്കു തുല്യം ഞാൻ
പൊരുതിയതൊട്ടും നിഷ്ഫലമല്ലാ, നശിച്ചു നാസിസം

അതുപോലിനിയും പൊരുതും വീണ്ടും വീരതയോടെങ്ങൾ
അഹമ്മതിക്കാർ ജാപ്പുകളൊക്കെക്കുതിച്ചു പാഞ്ഞീടും

ബർമ്മയിൽ നിന്നവരോടിയോരോട്ടം നിങ്ങളറഞ്ഞില്ലേ,
ദുർമ്മദമാർന്നുള്ളവർക്കു ഞങ്ങൾ പാഠം നൽകീടും!

കടുത്ത കള്ളർ, കടുത്തകള്ളർ കരിഞ്ചന്തക്കാർ
മുടിച്ചു മുച്ചൂടാക്കാൻ മുതിരുന്നല്ലോ നാടെല്ലാം!

വരട്ടെ ഞങ്ങൾ, വരട്ടെ ഞങ്ങൾ പോരു കഴിഞ്ഞു, ന്നാൽ
വിരട്ടിയോടിച്ചീടു മവററയെ നാട്ടിൽനിന്നെല്ലാം

ജർമ്മൻകാരോടെതിർത്തു നിന്നോർ നാം, ജാപ്പുകളെയൊക്കെ
കൊന്നു മുടിക്കാൻ തോക്കു ചുമന്നോർ ഭാരതവീരന്മാർ,

നാടൻ നാസികളാമിക്കൂട്ടരെ ശിക്ഷിക്കാതുണ്ടോ
നാളെ കാക്കിയുടുപ്പും തോക്കും താഴെ വെക്കുന്നു?

അറിഞ്ഞുകൊൾവിൻ, അറിഞ്ഞുകൊൾവിൻ അവനിയിലുള്ളോരേ!

മറഞ്ഞിടാറായ് മറഞ്ഞിടാറായ് മർത്ത്യകരെല്ലാമേ!

**"പേടിയാന്നൊളിയ്ക്കുട്ടേ പഴമപ്പിശാചുക്കൾ,**
**ഓടിവന്നാലും പരിവർത്തക്കൊടുങ്കാറേ!"**

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.